# FMGHSS KOOMPANPARA

MOULD THE HEART FOR THE LORD

FMGHSS
Koompanpara

# BLUE TIT MOUSE

## DIGITAL

little KITEs

## MAGAZINE

BLUE TIT MOUSE

2018 - 19 BATCH

# താളുകളിലൂടെ.....

ഫാത്തിമ മാതയും ഇനി കൈറ്റ് അംഗം....5
ആശംസ....6
ആശംസ....7
അറിവുകൾ....9
സൗഹൃദം....10
വികസനം....11
സ്വതന്ത്ര സോഫ്റ്റ്‌വെയർ ദിനാചരണം....13
പല ചോദ്യം, ഒറ്റ ഉത്തരം....14
തകിടം മറിയുന്ന വാർദ്ധക്യം....16
പ്രകൃതി അമ്മ....17
എന്റെ യാത്ര....19
ഭൂമി....21
വംശനാശം വന്നവ....22
പദപ്രശ്നം....25
കാത്തിരിപ്പ്....26
മലയാളം....27
ചക്കയ്ക്ക് ചിലത് പറയാനുണ്ട് ....28
തോൽവി വിജയത്തിലേക്കുള്ള ചവിട്ടുപടി....31
എന്റെ കേരളം....32
നിയന്ത്രണം....33
എന്റെ ചങ്ങാതി....35
പുഷ്പം....37
പെൺകുട്ടി....38
കാന്തല്ലൂർ - സഞ്ചാരികളുടെ സ്വപ്നഭൂമി....39
പൊതുവിജ്ഞാനം....40
ഓസോൺ ദിനാചരണം....41
അക്ഷരപ്പിണക്കം....42
അച്ഛൻ നട്ടുനനച്ച മുല്ലച്ചെടികൾ....43
വിട്ടുപോയ വാക്ക്....48

.....50
നിങ്ങൾക്കറിയാമോ ?.....50
കാട്.....52
ഹാപ്പി ബർത്ത്ഡേ.....53
ഈട്ടി.....54
ഈടുള്ളത്.....54
മഹാഗണി.....55
യൂ.....56
വർണ്ണ മത്സ്യങ്ങൾ.....57
ഞങ്ങൾ രണ്ട് മഴത്തുള്ളികൾ.....59
അന്നും ഇന്നും.....61
അതിരില്ലത്താനുഭൂതി.....62
ഗ്രാമം.....63
തലച്ചോർ തകർക്കുന്ന പുകവലി.....64
സമയമെന്ന സമ്പത്ത്.....65
ഒടുങ്ങാത്ത ഓർമ്മകൾ.....66
എഴുത്തിന്റെ വഴി.....67
നാടൻ വാദ്യോപകരണങ്ങൾ.....68
കണക്കിലെ കുസൃതി.....69
മുങ്ങി പൊങ്ങിയ കേരളം.....71
മഹത്വചനങ്ങൾ.....72
ചവിട്ടുനാടകം.....73
കല്ലിനുമുണ്ടൊരു കഥ പറയാൻ.....74
വീട്ടുകാരൻ റോബോട്ട്.....75
വൃദ്ധസദനക്കാഴ്ചകൾ.....76
അമ്മ എന്ന സ്നേഹം.....77
മാതൃഗീതം.....78
ഓണം.....80
ഐ.ടി ക്വിസ്.....82
എന്റെ നന്മമരം.....84
ചരിഞ്ഞ ഗോപുരത്തിന്റെ ചങ്ങാതിമാർ.....86

കറിവേപ്പില.....88
മഴയോർമ്മകൾ.....89
എൻ ഓർമ്മകടലാസ്സിൽ വിരിഞ്ഞപുഷ്പം.....90
മരം.....92
ആനിമേഷൻ.....93
പ്രളയ ദുരിതം.....94
എഡിറ്റോറിയൽ ബോർഡ്.....95
നന്ദിയുടെ.....96
ഒരു വാക്ക്.....96

# ഫാത്തിമ മാതയും ഇനി കൈറ്റ് അംഗം

കുമ്പൻപാറ: ഐ റ്റി സ്കൂളിന്റെ പുതിയ പദ്ധതിയായ ലിറ്റിൽ കൈറ്റ്സിൽ അംഗമായി കുമ്പൻപാറ ഫാത്തിമ മാതയിലെ വിദ്യാർത്ഥികളും. മുൻപ് കുട്ടിക്കൂട്ടം എന്ന പേരിൽ അറിയപ്പെട്ടിരുന്ന ഈ പദ്ധതി 2018–19 വർഷത്തിലാണ് ലിറ്റിൽ കൈറ്റ്സായി മാറിയത്. അംഗങ്ങളായ എല്ലാ വിദ്യാർത്ഥികൾക്കും ഐ ടി സാങ്കേതിക വിദ്യയെക്കുറിച്ച് കൂടുതൽ മനസ്സിലാക്കാൻ സഹായിക്കുന്ന സംഘടനയാണിത്. 09/06/2018 ശനിയാഴ്ച രാവിലെ 10.00 ന് സ്കൂളിൽ ലിറ്റിൽ കൈറ്റ്സിന്റെ ഔപചാരിക ഉദ്ഘാടനം സ്കൂൾ ഹെഡ്മിസ്ട്രസ്സ് സിസ്റ്റർ ലാലി മാണി നിർവ്വഹിച്ചു. സി. ഷിജിമോൾ സെബാസ്റ്റ്യൻ, ശ്രീമതി റീന ജെയിംസ് എന്നിവർ കൈറ്റ മിസ്ട്രേഴ്സായി ചാർജ്ജെടുത്തു. ലിറ്റിൽ കൈറ്റ്സ് ലീഡറായി മന്ന ജോർജ്ജിനെയും ഡെപ്യൂട്ടി ലീഡറായി ദിയാ ഷജീറിനെയും തിരഞ്ഞെടുത്തു. ഗ്രാഫിക്സ് & ആനിമേഷൻ, മലയാളം കമ്പ്യൂട്ടിംഗ് & ഇന്റർനെറ്റ്, സ്ക്രാച്ച്, മൊബൈൽ ആപ്പ് നിർമ്മാണം, പ്രോഗ്രാമിംഗ്, ഇലക്ട്രോണിക്സ്, റോബോട്ടിക്സ്, ഹാർഡ്വെയർ എന്നിങ്ങനെ വിവിധ മേഖലകളിൽ പ്രാവീണ്യം നേടാൻ ലിറ്റിൽ കൈറ്റ്സ് വഴി കുട്ടികൾക്ക് സാധിക്കും.



# ആശംസ

2018–19 അധ്യയന വർഷത്തിൽ നമ്മുടെ സ്കൂളിൽ ആരംഭിച്ചിരിക്കുന്ന ലിറ്റിൽ കൈറ്റ്സ് വളരെ നല്ല രീതിയിൽ പ്രവർത്തിക്കുന്നു എന്നത് ഏറെ സന്തോഷം പകരുന്നു. ഒൻപതാം ക്ലാസ്സ് വിദ്യാർത്ഥിനികളായ മുപ്പത്തിയഞ്ചോളം കുട്ടികളാണ് ഈ ക്ലബ്ബിൽ അംഗങ്ങളായിട്ടുള്ളത്. ഐ ടി സാങ്കേതിക വിദ്യയുടെ പ്രയോഗത്തിലും പഠനത്തിലും ഈ കുട്ടികൾ മാത്രമല്ല, ക്ലാസ്സിലെ മറ്റ് കുട്ടികളെയും മുൻ നിരയിലെത്തിക്കാൻ ലിറ്റിൽ കൈറ്റ്സിലെ കുട്ടികൾ പരിശ്രമിക്കുന്നുവെന്നത് അഭിനന്ദനാർഹമാണ്. സമൂഹത്തിലെ നാനാ തുറകളിൽ പെട്ടവർക്കും ഇവരുടെ സേവനം ലഭ്യമാകട്ടെ എന്ന് ആശംസിക്കുന്നു. ലിറ്റിൽ കൈറ്റ്സിലെ കുട്ടികൾ തയ്യാറാക്കിയ ' ബ്ലു റ്റിറ്റ്മൗസ് ' എന്ന് പേരിട്ടിരിക്കുന്ന, ഡിജിറ്റൽ മാഗസിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

സി. ലാലി മാണി
ഹെഡ്മിസ്ട്രസ്

# ആശംസ

കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ ഐ.ടി അധിഷ്ഠിത പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന കൈറ്റിനു കീഴിൽ ഫാത്തിമ മാതാ ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിൽ ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾ വളരെ വിപുലമായ രീതിയിൽ നടക്കുന്നു. ഫാത്തിമ മാതാ ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ പ്രവർത്തിക്കുന്ന ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് വളരെ നന്നായി പ്രവർത്തിക്കുന്നു. കൈറ്റ് മിസ്ട്രസ്സായി പ്രവർത്തിക്കുന്നതിൽ എനിക്ക് ഏറെ അഭിമാനമുണ്ട്. ഓരോ ക്ലാസ്സുകളിലെ ഹൈടെക് സംവിധാനങ്ങൾ കാര്യക്ഷമമായി ഉപയോഗിക്കുന്നതിലും സൂക്ഷിക്കുന്നതിലും ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ പുലർത്തുന്ന ശ്രദ്ധ എന്നെ ഏറെ സന്തോഷിപ്പിക്കുന്നു. ഇൻഫർമേഷൻ ടെക്നോളജിയുടെ ഈ കാലഘട്ടത്തിൽ കൂടുതൽ അറിവുകൾ സ്വായത്തമാക്കാനും ആ അറിവുകൾ പങ്കുവയ്ക്കാനും ലിറ്റിൽ കൈറ്റ്സ് കുട്ടികൾഎന്നും മുന്നിൽതന്നെ. മാനുഷീക മൂല്യങ്ങളോടൊപ്പം സാങ്കേതിക വിദ്യയിലും മികച്ച നിലവാരം പുലർത്തുന്ന ഒരു തലമുറയെ വളർത്തിയെടുക്കുന്നതിനായി കൈറ്റ് ആരംഭിച്ചിരിക്കുന്ന ഈ സംരഭത്തിൽ കുട്ടികളുടെ ഭാവനകൾ ചിറക് വിരിച്ച "ബ്ലു ടിറ്റ്മൗസ്" ന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.



കൈറ്റ് മിസ്ട്രസ്സ് :
സി.ഷിജി മോൾ സെബാസ്റ്റ്യൻ

# അമ്മ



മധുരമാ സ്നേഹം നുകരുന്ന
പാടേ മനുഷ്യനായി മാറുന്നു നാം
പേറ്റുനോവിൻ രുചിയുള്ള ദുഗ്തം
നുകർന്ന നാം സ്നേഹം തിരിച്ചുവിളിക്കുന്നു.



രാഗമായി താളമായി ഒഴുകുന്ന
ആ രാഗത്ത വാരിയെടുത്തൊന്നു
ഉമ്മ വെക്കാൻ മോഹമാണെനിക്ക്
സ്നേഹത്തിൻ രാഗമാണമ്മ.

എന്നാൽ ഇന്നെന്റെ അമ്മ
ആറടി മണ്ണിന്റെ ആഴങ്ങളിൽ
ഇനിയും അമ്മ ബാക്കിവെച്ച
മധുരിക്കും ഓർമ്മയിൽ ആണ്
ഇനിയെന്റെ അമ്മ................



**അച്ചു അരുൺ**

# അറിവുകൾ

## ദേശീയ മൃഗങ്ങളും,പക്ഷികളും അവയുടെ ശാസ്ത്രനാമം

**മൃഗങ്ങൾ**

ബ്ലാക്ക് ബക്ക്–ആന്റിലോപ്പ് സെർവികാപ്ര
ഫിഷിംഗ് ക്യാറ്റ്–പ്രിയോനൈലറസ് വിവറിനസ്
ഗോർ–ബോസ് ഗോറസ്
ഇന്ത്യൻ ആന–എലിഫസ് മാക്സിമസ് ഇൻഡിക്കസ്
ക്ലൗഡഡ് ലെപ്പാർഡ്–നിയോഫെലിസ് നെബുലോസ
സ്നോ ലപ്പാർഡ്–പാന്തിറ അൺകിയ
ബാരാ സിങ്ക–റുസർവസ് ഡുവായുസെലീ
സാമ്പാർ–റുസ യൂണികളർ
അണ്ണാൻ–സ്ക്യൂരിഡേ
ഗയാൽ–ബോസ് ഫ്രൻഡെയ്ൽസ്
കാഷ്മീർ സ്റ്റാഗ്–സെർവസ് ഇലാഫസ് ഹംഗ്ലു
സാങ്കായി–സെർവസ് എൽഡി എൽഡി
ഹുലോക്ക്ഗിബ്ബോൺ–ഹുലോക്ക് ഹുലോക്ക്
ഇന്ത്യൻ ജെയിന്റ് സ്ക്യൂരൽ–ററ്റുഫ ഇൻഡിക്ക

**പക്ഷികൾ**

വീട്ടുകുരുവി–പാസർ ഡൊമസ്റ്റിക്കസ്
ഗ്രേറ്റ് ഇന്ത്യൻ ബസ്റ്റാഡ്–അർഡിയോറ്റിസ് നിഗ്രിസെപ്സ്
ബ്ലാക്ക് ഫ്രാൻകോളിൻ–ഫ്രാൻകോളിനസ് ഫ്രാൻകോളിനസ്
ബ്ലാക്ക് ക്രസ്റ്റഡ് ബുൾബുൾ–പൈക്നോനോട്ടസ് ഫ്ലേവിവെൻഡ്രിസ്
ഇന്ത്യൻ റോളർ–കൊറാസിയാസ്ബെൻഗളെൻസിസ്
ഗ്രീൻ ഇമ്പീരിയൽ പിജിയൻ–ഡക്കുല എയ്നിയ
ഹിമാലയൻ മോണൽ–ലൊഫോഫറസ് ഇൻബജനസ്
ഗ്രേറ്റർ ഫ്ലമിങ്ങോ–ഫോണിക്കോപ്റ്ററസ് റൊസ്യൂസ്
യെല്ലോ ഫൂട്ടഡ് ഗ്രീൻ പിജിയൻ–ട്രെറോൺ ഫോയിനികോപ്റ്റെറ
വൈറ്റ് വിങ്ങ്ഡ് വുഡ് ഡക്ക്–അസർകോർണിസ് സ്കൂട്ടുലേറ്റ
ബാസ്റ്റർ ഹിൽ മൈന–ഗ്രാക്കുല റിലിജിയോസ പെനിൻസുലേറിസ്

# സൗഹൃദം

സൗഹൃദം ഒരു മായാത്ത പുഞ്ചിരിയാണ്. യഥാർത്ഥ സൗഹൃദം തേൻ ഒഴുകുന്ന പുഴപോലെയും. ഒരു യഥാർത്ഥ സുഹൃത്തിനെ കണ്ട് പിടിക്കുക എന്നത് വളരെ ബുദ്ധിമുട്ടേറിയ ഒന്നാണ്.

ദൈവത്തിൻെറ സൃഷ്ടിയിൽ ഏറ്റവും മനോഹരമായ ഒന്നാണ് സൗഹൃദം. സുഹൃത്ത് ബന്ധം പോലെ ഊഷ്മളമായ മറ്റൊരു ബന്ധം കണ്ട് പിടിക്കാൻ പ്രയാസമാണ്. ഒരിക്കലും തീരാത്ത ഒന്നാണ് സുഹൃത്തുക്കളും സൗഹൃദവും.

സൗഹൃദത്തിൻെറ ചിറകുകൾ എപ്പോഴും പാറിപ്പറന്ന് കൊണ്ടിരിക്കും. സൗഹൃദം ഒരു അമൂല്യസ്വത്താണ്. അത് കാത്ത് സൂക്ഷിക്കുക എന്നത് വളരെ പ്രയാസമാണ്. കാത്ത് സൂക്ഷിക്കാൻ ബുദ്ധിമുട്ടായ ആ നല്ല സൗഹൃദം കാത്ത് സൂക്ഷിക്കുക എന്നത് ഒരു നല്ല സുഹൃത്തുൻെറ ലക്ഷണമാണ്. ഏതു പ്രയാസ ഘട്ടത്തിലും കൂടെ നിൽക്കുന്ന സുഹൃത്തിനെ നമ്മൾ മറക്കരുത്.

നമ്മുടെ സങ്കടങ്ങളിൽ നമ്മെ ആശ്വസിപ്പിക്കുകയും സന്തോഷങ്ങളിൽ ഒപ്പം നിന്ന് സന്തോഷിക്കുന്ന ഒരു സുഹൃത്തിനെയാണ് നമുക്ക് ആവശ്യം. ജീവിതം എന്ന മഹാസാഗരത്തിലെ ഒരു വിലപ്പെട്ട കണ്ണിയാണ് സൗഹൃദം.



***അലീന ബിനു***

# വികസനം

രാത്രിയിൽ പഠനമൊക്കെ കഴിഞ്ഞ് കുഞ്ഞുമോൻ വെറുതെ കിടക്കുകയായിരുന്നു.അപ്പോഴാണ് അതുവഴി വന്ന കാറ്റ് അവന്റെ മുറിയുടെ ജനാലയിൽ മുട്ടിയത്. അവൻ ചാടിയെഴുന്നേറ്റ് ജനാലയിൽ നോക്കി. കണ്ണെത്തും ദൂരത്തോളം നല്ല ഇരുട്ടാണ്. ഇതുവരെ റോഡിന് ഇരുവശത്തും വെളിച്ചം വിതറ് നിന്നിരുന്ന വീടുകളും കൊച്ചുകടകളുമെല്ലാം പൊളിച്ചുമാറ്റാൻ തുടങ്ങിയിട്ട് കുറച്ചു ദിവസങ്ങളായി.

സ്കൂളിലേക്കുള്ളവഴിയിൽ കുശലം ചോദിക്കാനും ഒപ്പം കൂടാനും കുറേ പേരുണ്ടായിരുന്നു. കൂട്ടുകാരനായ ഹബീബിനെ നഷ്ടപ്പെട്ടതാണ് കുഞ്ഞുമോന് ഏറ്റവും വിഷമമുണ്ടാക്കിയത്.

ക്ലാസ്സിൽ മിടുക്കനായിരുന്നു ഹബീബ്. കഴിഞ്ഞയാഴ്ച നാൻസി ടീച്ചർ അവനോട് എന്തൊക്കെയോ ചോദിക്കുന്നത് കണ്ടു. എവിടെയായാലും നന്നായി പഠിക്കണമെന്ന് പുറത്തുതട്ടി ആശ്വസിപ്പിച്ച ടീച്ചർക്ക് അവൻ ബാഗിൽ നിന്ന് ഒരു ചുവന്ന റോസാപ്പൂവെടുത്തു കൊടുത്തു. അത് വാങ്ങുമ്പോൾ ടീച്ചറുടെ കണ്ണുകൾ നനയുന്നുണ്ടായിരുന്നു. സ്കൂളിലേക്കുള്ള വഴിയിൽ എന്നും, ഹബീബിന്റെ വീടിനു മുന്നിൽ നട്ടുവളർത്തിയ പൂന്തോട്ടത്തിലെ റോസാപ്പൂക്കളിൽ കണ്ണുടക്കുമായിരുന്നു. ഇപ്പോൾ വീടും പൂന്തോട്ടവും നിന്നയിടം വെറും മൺകൂനയായി മാറി.

അവൻ എന്തൊക്കെയോ ആലോചിച്ചുകൊണ്ട് ജനാല വലിച്ചടച്ചു. എന്നിട്ട് കണ്ണടച്ച് കിടന്നു. ഒരു കൂറ്റൻ ജെ.സി.ബി തന്റെ വീടിനു മുന്നിൽ വന്നു കിടക്കുന്നത് അവൻ കണ്ടു. അത് ആരുടെയും അനുവാദത്തിന് കാത്തുനിൽക്കാതെ തന്റെ വീട് പൊളിക്കാൻ തുടങ്ങിയിരിക്കുന്നു. അകത്തുനിന്ന് ഓടിവന്ന് തടയാൻ ശ്രമിച്ച ഉമ്മയെയും ബാപ്പയെയും അത് മണ്ണിനടിയിൽ ഒരു വലിയ കുഴിയുണ്ടാക്കി അതിലേക്ക് തള്ളിയിട്ടു.പേടിച്ചു വിറച്ച കുഞ്ഞുമോൻ എതിരു പറയാൻ പോയില്ല.

വീട് നിന്നിടത്ത് ഒരു കൂറ്റൻ ഹെലികോപ്റ്റർ പ്രത്യക്ഷപ്പെട്ടു. ജെ.സി.ബി തന്നെ പൊക്കിയെടുത്ത് അതിലേക്കിട്ടു. അത് തന്നെയും കൊണ്ട് എങ്ങോട്ടോ പറന്നുപോയി. കുറേ കഴിഞ്ഞ് അപരിചിതമായ സ്ഥലത്തിറങ്ങി. ചുറ്റുപാടിൽ നിന്നും എന്തൊക്കെയോ ദുർഗന്ധം വമിക്കുന്നുണ്ടായിരുന്നു. തന്നെ സ്വീകരിക്കാൻ കുറച്ചുപേർ വരുന്നതായി അവൻ കണ്ടു. കൂട്ടത്തിൽ ഹബീബും ഉണ്ടായിരുന്നു. പക്ഷേ, അവരാരും പുഞ്ചിരിക്കുന്നുണ്ടായിരുന്നില്ല.



***സ്വാലിഹ കെ നാസർ***

# സ്വതന്ത്ര സോഫ്റ്റ്‌വെയർ ദിനാചരണം

കുമ്പൻപാറ: ഫാത്തിമ മാത ഗേൾസ് ഹൈയർ സെക്കന്ററി സ്കൂളിൽ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ നേതൃത്വത്തിൽ 28/09/2018 ന് സ്വതന്ത്ര സോഫ്റ്റ്‌വെയർ ദിനാചരണം നടന്നു. ദിനാചരണവുമായി ബന്ധപ്പെട്ട് ഡിജിറ്റൽ പോസ്റ്റർ നിർമ്മാണമത്സരം ആനിമേഷൻ സിനിമാ നിർമ്മാണം എന്നിവ നടന്നു. സ്വതന്ത്ര സോഫ്റ്റ്‌വെയറുകളെക്കുറിച്ച് കൂടുതൽ ധാരണ കുട്ടികൾക്ക് പകർന്നു നൽകുക എന്നതായിരുന്നു ദിനാചരണത്തിന്റെ ഉദ്ദേശ്യം.



# പല ചോദ്യം, ഒറ്റ ഉത്തരം

1."ബ്രിട്ടീഷുകാർ ഇന്ത്യ വിട്ടുപോകാതെ ഇന്ത്യയിലെ വർഗീയ പ്രശ്നം പരിഹരിക്കാനാകില്ല" എന്ന് പറഞ്ഞതാര്?

2.സബർമതിയിലെ സന്ന്യാസി എന്നറിയപ്പെടുന്നതാര്?

3."നിങ്ങൾ നാളെ മരിക്കുന്നതുപോലെ ജീവിക്കുക. എന്നേക്കും ജീവിച്ചിരിക്കേണ്ടത് പോലെ പഠിക്കുക."ആരുടെ വാക്കുകളാണിവ?

4."വിദ്യാർത്ഥികൾ സ്വയം തൊഴിൽ ചെയ്ത് നേടുന്ന പണം കൊണ്ടാണ് വിദ്യാഭ്യാസം നേടേണ്ടത്" എന്ന് ഉപദേശിച്ചതാര്?

5."രാജ്യ സ്നേഹികളുടെ രാജകുമരൻ" എന്ന് സുഭാഷ് ചന്ദ്രബോസിനെ വിശേഷിപ്പിച്ചത് ആര്?

6."ലക്ഷ്യമില്ലാത്ത ജീവിതം വഴിതെറ്റിയ കപ്പൽ പോലെയാണ്" എന്ന് പറഞ്ഞത് ആര്?


7.അഖിലേന്ത്യാ ഹരിജൻ സമാജം സ്ഥാപിച്ചത് ആര്?

8.സത്യാഗ്രഹ സഭ ആരംഭിച്ചത് ആര്?

9."എനിക്ക് അവകാശപ്പെടാനുള്ള ഏക ഗുണം സത്യവും അഹിംസയുമാണ്" ആരുടെ വാക്കാണിത്?

10.ആരെക്കുറിച്ചാണ് 'എന്റെ ഗുരുനാഥൻ'എന്ന കവിത രചിച്ചത്?

ഉത്തരം:മഹാത്മാഗാന്ധി



# തകിടം മറിയുന്ന വാർദ്ധക്യം

ഇന്നത്തെ സമൂഹത്തിലേക്ക് നാമൊന്ന് കണ്ണോടിച്ച് നോക്കിയാൽ സ്വയം നശിച്ചുക്കൊണ്ടിരിക്കുന്ന ഒരു തലമുറയെ കാണാൻ സാധിക്കും. നമ്മെ വളർത്തി വലുതാക്കി, നമ്മെ സ്വന്തം ചിറകുകളിൽ താരാട്ടു പാടി തന്ന് നമ്മെ സംരക്ഷിച്ച നമ്മുടെ മാതാപിതാക്കളെ ഇന്ന് നാം നഷ്ടമാക്കിക്കൊണ്ടിരിക്കുന്നു.

നമ്മുടെ മാതാപിതാക്കൾ ഇന്ന് വസിക്കുന്നത് വൃദ്ധസദനങ്ങളിലാണ്, നാം ഇന്ന് നേരിട്ടുക്കൊണ്ടിരിക്കുന്ന ഏറ്റവും വലിയ ദുരന്തം. നമ്മുടെ മാതാപിതാക്കൾ ആരുടെയും കടമയോ, ബാദ്ധ്യതയോ അല്ല എന്നു നാം എന്നു മനസ്സിലാക്കുന്നുവോ അന്നാണ് നാം ഒരു യഥാർത്ഥ പൗരനായി തീരുന്നത്. അന്നുതന്നെയാണ് നാം നല്ലൊരു കേരളത്തെ പടുത്തുയർത്തുന്നത്........



**എയ്ഞ്ചൽ തങ്കച്ചൻ**

# പ്രകൃതി അമ്മ

അമ്മമാർ ദിവസവും മക്കൾക്കുവേണ്ടി ഇഷ്ടവിഭവങ്ങൾ വിരുന്നൊരുക്കുന്നു. പ്രകൃതി എന്ന അമ്മയും ദിവസവും മക്കളായ നമുക്കുവേണ്ടി സൗന്ദര്യകാഴ്ച്ചകളുടേ ഒരു സദ്യ ഒരുക്കുന്നു. പ്രഭാതവും, രാത്രിയും, സായം കാലവും എല്ലാം ഏറെ ആകർഷകമായത്. എങ്കിലും എനിക്കേറെയും ആകർഷകമായത് പ്രഭാതത്തിനോടാണ്. പുതിയപ്രതീക്ഷകൾ നൽകുന്നതാണോരോ പ്രഭാതവും.

കിളികളുടെ പാട്ടുകേട്ടുണരുന്നതും എല്ലാം... പുറത്തേക്കിറങ്ങി നോക്കിയപ്പോൾ ഒരു വശത്ത് പലയിടങ്ങളിലും പോകാനായി തയാറാവുന്ന ഒരു കൂട്ടം ആളുകൾ. പ്രഭാതകർമ്മങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന മറ്റൊരു കൂട്ടം. എന്നാൽ മറുവശത്ത് ഇവർക്കെല്ലാം പ്രകൃതി മനോഹരമായ സമ്മാനം ഈ പ്രഭാതത്തിൽ സമ്മാനിച്ചിരിക്കുന്നത്. ഇതൊന്നും ശ്രദ്ധിക്കാത്ത ഈ മനുഷ്യരെ ഇളം കാറ്റ് തഴുകി വിളിക്കുന്നതായാണ് എനിക്കു തോന്നിയിട്ടുള്ളത്. പ്രകൃതിയുടെ ഈ ഭംഗിയിലൂടെ മനുഷ്യരുടെയെല്ലാം പ്രശ്നങ്ങളെ ഒരു നിമിഷത്തേക്കെങ്കിലും അകറ്റാൻ ആ ഇളം കാറ്റ് ആഗ്രഹിക്കുന്നുണ്ടാനാം. ചിലരെങ്കിലും പ്രകൃതിയിലെ ഈ ഭംഗി ആസ്വദിക്കുന്നുണ്ട്. പ്രഭാതം...

പ്രകൃതിയെത്തന്നെ ഏറെ മനോഹരമാക്കിക്കൊണ്ട് സൂര്യനുദിക്കുന്നു. പൂക്കളെയെല്ലാം വിരിയിക്കുന്നു. തളിർത്തുനിൽക്കുന്ന മരങ്ങളെയെല്ലാം ഇളം കാറ്റ് തഴുകുന്നു. ഏറ്റവും കൂടുതൽ മനുഷ്യനെ ആനന്ദലഹരിയിലാഴ്ത്താൻ പ്രകൃതി ശ്രമിക്കുന്ന സമയമാണ് പ്രഭാതം. പ്രകൃതിയധികവും മധുരമുള്ള കാഴ്ച്ചകൾ സമ്മാനിക്കുന്നത് എന്റെ അഭിപ്രായത്തിൽ പ്രഭാതത്തിൽ തന്നെയാണ്.......




അനിറ്റ ആന്റണി

# എന്റെ യാത്ര

ഇക്കഴിഞ്ഞ അവധിക്കാലത്ത് ഞാനും എന്റെ കുടുംബവും അതിരപ്പിള്ളി ഷോളയാർ വന



മേഖലയിലേക്ക് യാത്ര പോയി.ഞങ്ങളുടെ ആദ്യത്തെ പിക്നിക്ക് സ്പോട്ട് തുമ്പൂർമുഴി ചെക്ക് ഡാമും ബട്ടർഫ്ളൈ പാർക്കുമായിരുന്നു.അവിടെ വ്യത്യസ്ത നിറങ്ങളിലുള്ള ശലഭങ്ങൾ വരാറുണ്ടെന്ന് ഗാർഡ് പറഞ്ഞു.അത്രയും അധികം പൂമ്പാറ്റകളെ ഒന്നിച്ച് കാണുന്നതിന്റെ ത്രില്ലിലായിരുന്നു ഞങ്ങൾ.ചെടികളിൽ അവ പൂക്കളെ പോലെ തൂങ്ങിയാടി.അവിടെ 148 തരം ശലഭങ്ങൾ ഒന്നിച്ച് വരാറുണ്ടെന്ന് ഗാർഡ് പറഞ്ഞു.വേനലിലാണ് അധികവും.പക്ഷികളോളം വലുപ്പമുള്ള പൂമ്പാറ്റകൾ വരെ അവിടെ ഉണ്ടായിരുന്നു.അവിടെ നിന്ന് ഞങ്ങൾ പുഴയോരത്തേക്ക് നടന്നു. പുഴക്ക് കുറുകെ ഒരു തൂക്ക പാലമുണ്ടായിരുന്നു.210 മീറ്റർ നീളമുള്ള കേരളത്തിലെ ഏറ്റവും വലിയ തൂക്ക് പാലമായിരുന്നു അത്.ഒരേ സമയം 1260 പേർക്ക് ആ പാലത്തിലൂടെ നടക്കാൻ സാധിക്കും.പാലത്തിനു താഴെ ചാലക്കുടിപ്പുഴ



അർമാദിച്ചൊഴുകുന്നു.തുമ്പൂർമുഴിയിൽ നിന്നും ആനമല റോഡ് വഴി യാത്ര തുടർന്നു .മുനിപ്പാറ,വെറ്റിലപ്പാറ,ചുണ്ണാമ്പുപ്പാറ,പുകയിലപ്പാറ കാട്ടിനുള്ളിലെ സ്ഥലനാമങ്ങളാണ്.

ഇരു വശത്തും കാടിന്റെ ഇരുളിമ.അതിരപ്പിള്ളി കാണാൻ പോകുന്നു.80 അടി ഉയരത്തിൽ നിന്നും ചാലക്കുടിപ്പുഴയിലേക്കാണ് അതിരപ്പിള്ളിയുടെ

പതനം.മരത്തണലിൽ മ്ലാവുകൾ വിശ്രമിക്കുന്നു. വഴി ഇരുണ്ടു. അതിരപ്പിള്ളി കണ്ട് 5 കിലോമീറ്റർ അകലെയുള്ള വാഴച്ചാൽ വെള്ളച്ചാട്ടവും കണ്ടു. ശേഷം പെരിങ്ങൽക്കുത്ത് ഡാം, ചേർപ്പവെള്ളച്ചാട്ടം എന്നിവയും കണ്ട് ഷോളയാർ ചുരവും കയറി ഞങ്ങൾ വീട്ടിലേക്ക മടങ്ങി. കാട് രാത്രിയെ വെമ്പലോടെ കാത്തുനിൽക്കുകയാണെന്നെനിക്കു തോന്നി......



*അൻസിയ സിദ്ധിഖ്*

# ഭൂമി



പച്ചപട്ടു വിരിച്ച ഭൂമി
നീ എത്ര മനോഹരി
അമ്മയെപ്പോലെ
നിർമ്മലയാണു നീ
അമ്മയെപ്പോലെ
പരിശുദ്ധായാണു നീ
അമ്മയെപ്പോലെ
ത്യാഗിയാണു നീ
അറിവിൻ വെളിച്ചം
പകരും ഗുരുവാണു നീ
സ്ഫുരിക്കുന്ന പ്രകാശമാണു നീ
കാവൽ നടക്കും ഒരു
മാലാഖയാണു നീ
നിന്നിലാണ് ഞങ്ങൾ
ജനിക്കുന്നത്
നിന്നിലാണ് ഞങ്ങൾ
വളരുന്നത്
ദുഃഖവും മരണവും നിന്നിൽ തന്നെ.
തുള്ളികളിക്കുന്ന മീനിനെ കാണാം
ചാഞ്ചാടിയാടുന്ന വൃക്ഷങ്ങൾ കാണാം
പുഷ്പിച്ചുനിൽക്കുന്ന ചെടികളെ കാണാം
ഹാ!എത്ര മനോഹരമാണെന്റെ ഗ്രാമം
എത്ര വലുതാണെന്റെ ഗ്രാമം.

അയന ബി ബിജു

# വംശനാശം വന്നവ

*മാർത്ത ഓർമയായിട്ട് 104 വർഷം

സഞ്ചാരി പ്രാവ് കുടുംബത്തിലെ അവസാനത്തെ അംഗമായിരുന്ന മാർത്ത ഈ ലോകത്തോട് വിടപറഞ്ഞിട്ട് 2018 സെപ്റ്റംബർ 1–ന് 104 വർഷം തികഞ്ഞു.ഒരു ജീവിയുടെ വംശനാശം സംഭവിച്ച കൃത്യമായ തിയതി നമുക്കറിയാവുന്നത് മാർത്തയുടേത് മാത്രമാണ്.അമേരിക്കയിലെ കിൻസിനേറ്റി മൃഗശാലയിൽ 29–ാം വയസ്സിലാണ് മാർത്ത മരിച്ചത്.വാഷിംഗ്ടൺ ഡിസിയിലെ സ്മിത്ത് സോനിയൻ മ്യൂസിയം ഓഫ് നാച്ചറൽ ഹിസ്റ്ററിയിൽ മാർത്തയുടെ മൃതശരീരം സംരക്ഷിച്ച് പ്രദർശിപ്പിച്ചിട്ടുണ്ട്.

*കടലിലെ കൂൺ ജീവികൾ

1986–ലാണ് ആസ്ട്രേലിയൻ കടൽ മേഖലയിൽ നിന്നും ഒരു സംഘം ഗവേഷകർ കൂണിനു സമാനമായ ജീവികളെ ശേഖരിച്ചത്. പ്രത്യേക ദ്രാവകത്തിൽ അവയെ വളർത്താം എന്നു കണ്ടെത്തിയപ്പോൾ ഡി എൻ



എ അടക്കമുള്ള എല്ലാം നശിച്ചുപോകുകയും ചെയ്തു.അതുകാരണം ജനിതക വിശകലനം ചെയ്യാനോ ഇവയെ കുറിച്ച് കൂടുതൽ പഠിക്കാനോ ഗവേഷകർക്ക് കഴിഞ്ഞില്ല.ഈയിടെ കോപ്പൻഹേഗൻ സർവകലാശാലയിലെ ഒരു സംഘം ഗവേഷകർ ഈ ജീവിക്ക് ശാസ്ത്രനാമം നൽകി.ഡെൻഡ്രോഗ്രാമ്മ എനിഗ്മാറ്റിക്ക,ഡെൻഡ്രോഗ്രാമ്മ ഡിസ്കോയിഡ്സ്എന്നിവയാണ് പേരുകൾ.

*ആഫ്രിക്കൻ ആന



ആഫ്രിക്കൻ ആനയാണല്ലോ ഇപ്പോൾ ജീവിച്ചിരിക്കുന്നതിൽ ഏറ്റവും വലിയ കരജീവി.ഗന്ധമറിയാനുള്ള ശേഷിയിലും ഇവരാണ് വമ്പൻമാരെന്ന് പുതിയ ഗവേഷണം വ്യക്തമാക്കുന്നു.ആഫ്രിക്കൻ ആനകൾക്ക് വിവിധ തരം ഗന്ധം തിരിച്ചറിയാനുള്ള,രണ്ടായിരത്തിലധികം വ്യത്യസ്ത ജീനുകൾ ഉണ്ടത്രേ.

*കറുത്ത ആടുകൾ

വംശനാശഭീഷണിയിൽ

കറുത്തനിറവും നീളവുമുള്ള കാലുകളും ഇടത്തരം വലിപ്പമുള്ളചെവിയും മുഖത്തേക്കു ചാഞ്ഞുകിടക്കുന്ന തൊങ്ങലും വെങ്കലനിരമുള്ള കണ്ണുകളും



ഈ ആടിന്റെ പ്രത്യേകതയാണ്.ഇന്ത്യയിലെ മൃഗജെനറ്റിക് റിസോഴ്സ് ദേശീയ ബ്യൂറോയുടെ സർവേ റിപ്പോർട്ടിലൂടെയാണ് ഈ കണ്ടെത്തൽ.ആദിവാസികളാണ് പ്രധാനമായും ഈ ആടുകളെ വളർത്തുന്നത്.

*ബ്ലാക്ക് ബക്ക്



ഇവയുടെ വംശനാശഭീഷണിക്കു കാരണം ഇറച്ചിക്കും തോലിനും വേണ്ടി മനുഷ്യൻ നടത്തുന്ന വേട്ടയും ആവാസവ്യവസ്ഥയുടെ നാശവുമാണ്. ഒന്നേകാൽ മീറ്റർ വരെ ഉയരവും 45 കി. ഗ്രാം ഭാരവുമുണ്ട്.

*വരയാട്

കേരളത്തിലെ ദേവികുളം ദേശീയ ഉദ്യാനത്തിലും നീലഗിരി കുന്നുകളിലും കൂട്ടത്തോടെ കാണപ്പെടുന്ന ഇവയ്ക്ക് നാലടിയോളം ഉയരമുണ്ട്.വേട്ടയും

കൊന്നൊടുക്കലുമാണ് ഇവയെ വംശനാശത്തിലെത്തിച്ചത്.

*ഡോഡോ പക്ഷി

വലുപ്പം കൂടിയതും പറക്കാൻ കഴിയാത്തതുമായ പക്ഷികളായിരുന്നു



ഡോഡോകൾ.അരയന്നത്തോട് രൂപസാദൃശ്യമുണ്ടെങ്കിലും പ്രാവ് വർഗത്തിൽപെട്ടവയാണിവ.ഇന്ത്യൻ മഹാസമുദ്രത്തിലെ മൗറീഷ്യസ് ദ്വീപുകളിലായിരുന്നു ആവാസം.ഇവ പ്രധാനമായും മനുഷ്യന്റെ ഇടപെടൽ കൊണ്ട് വംശനാശം വന്ന ജീവിവർഗങ്ങളിൽ പെടുന്നു.

*മാമത്ത്



ലോകത്ത് വംശനാശം വന്ന ജീവികളിൽ ഏറ്റവും പ്രശസ്തമായ ഒന്നാണ് മാമത്ത്.ആനകളുടെ രൂപഭേദമാണിതിന്.ഹിമയുഗത്തിനൊടുവിൽ വംശനാശം സംഭവിച്ചതായി കരുതപ്പെടുന്നു.

സ്വാലിഹ കെ നാസർ


# പദപ്രശ്നം

**താഴോട്ട്**

1.ഛത്തീസ്ഗഢിന്റെ തലസ്ഥാനം

5.കാളിന്ദി എന്ന് വിളിക്കപ്പെട്ട ഇന്ത്യയിലെ നദി

7.സംസാരശേഷിയില്ലാത്തവൾ




വലത്തോട്ട്

1.ഇന്ത്യയിലെ വെള്ളച്ചാട്ടനഗരം എന്നറിയപ്പെടുന്നത്

3.ഇന്ത്യൻ റെയിൽവേയുടെ ഭാഗ്യമുദ്ര


2.വെള്ളാനകളുടെ നാട്

4.കേരളത്തിലെ ഏറ്റവും വലിയ ആദിവാസി വിഭാഗം

6.ഹിരാക്കുഡ് അണക്കെട്ട് ഏത് നദിക്ക് കുറുകയാണ്

7.നീലഗിരിയുടെ രാജ്ഞി

ഉത്തരം




ഫൈഹ ഐമൻ

# കാത്തിരിപ്പ്

ഈ രാത്രിക്ക് ദൈർഘ്യം ഏറിയതായി എനിക്കനുഭവപ്പെടുന്നത് എന്തുകൊണ്ടാണ് ? ഞാൻ നിന്നെ കാത്തിരിക്കുന്നതിനാലാണോ ? എനിക്കറിയില്ല. ജനാലയ്ക്ക് അരുകിലെ മേശപ്പുറത്ത് അലക്ഷ്യമായിക്കിടന്ന പുസ്തകങ്ങളിൽ തലചായിച്ച് നിന്നെ കാത്തിരുന്നപ്പോൾ ആ ഘടികാരസൂചികൾ എന്നന്നേക്കുമായി നിശ്ചലമായോ? എത്രയോ ആനന്ദങ്ങൾ വന്നു . എന്നിരുന്നാലും എന്റെ മനസ്സിൽ നീ മാത്രമായിരുന്നതിനാലാവണം അതൊന്നും ആസ്വദിക്കാൻ എനിക്കു കഴിഞ്ഞില്ല.

കാത്തിരുപ്പ് അനന്തമായി നീണ്ടപ്പോൾ അത് പതിയെ ദുഃഖത്തിനും വേദനക്കും വഴിമാറി . ഇന്ന് ഇനി നീ വരില്ല എന്ന ചിന്ത എന്റെ മനസ്സിൽ മൊട്ടിട്ടുവെങ്കിലും അത് അംഗീകരിക്കാൻ നിന്നെ കാത്തിരിക്കുന്ന എന്റെ ഹൃദയം തയ്യാറായില്ല.

ഒടുവിൽ ഉറക്കത്തിൽ നിന്നും ഉണർത്തിയ കാറ്റ് എന്നെ കാണിച്ചു തന്നു നിന്റെ സുന്ദരരൂപം...... നിലാവിന്റെ ശോഭ പരത്തി നക്ഷത്രങ്ങളുടെ അകമ്പടിയോടെ അങ്ങ് ആകാശ സീമയിൽ നീ നിറഞ്ഞുനിന്നു...............



ജിനു ശരവണൻ

# മലയാളം

അമ്മിഞ്ഞപ്പാലിനൊപ്പം നുകർന്ന ഭാഷ മലയാളം

അമ്മതൻ ഭാഷ മലയാളം

കേരള തനിമതൻ അഭിമാനം മലയാളം

തുമ്പപ്പൂവ് ശോഭതൻ മലയാളം

മുല്ലമൊട്ടിൻ മണമുള്ള മലയാളം

മലയാളഭാഷതൻ മാതൃഭാഷ

പുതുമണ്ണിൻ ഗന്ധമുയരുന്ന മലയാളം

അമ്മ എന്ന രണ്ടക്ഷരത്തിൽ തുടരുന്നു മലയാളം

ആദ്യാക്ഷരം തൻ മലയാളം

കൈകുഞ്ഞായ് പിറന്ന മലയാളം

പ്രകൃതി മാതാവിൻ തൻ ഭാഷ മലയാളം

മരതക മണിതൻ മലയാളം

സങ്കടത്തിലും സന്തോഷത്തലും ഉയരുന്നതുതൻ മലയാളം

ജീവൻ തൻതുടിപ്പാണ് മലയാളം

എഴുത്തച്ഛനിൽ തുടങ്ങിയെൻ മലയാളം

മലയാളം അതല്ലേ എല്ലാം....



മുഹ്സിന പി എ

## ചക്കയ്ക്ക് ചിലത് പറയാനുണ്ട് ..........

കൂട്ടുകാരെ,കുറച്ച് സമയം നിൽക്കണേ..... മറ്റു ആഡംബര വിഭവങ്ങൾ കണ്ട് കണ്ണ് മഞ്ഞളിച്ച്,അൽഫാമും ബ്രെഡ് റോസ്റ്റൊക്കെ തിന്ന് ഞങ്ങളെ മറന്നു അല്ലേ കൂട്ടുകാരെ......കുറച്ചുസമയം നിൽക്കണേ....ഞങ്ങൾക്കുമുയ ണ്ടേ പറയാൻ............



കൂട്ടുകാരെ,നിങ്ങൾ മലയാളികൾക്ക് എന്നെ അറിയാവുന്നത് പോലെ മറ്റാർക്കും അറിയുമോ എന്നത് സംശയമാണ്.എന്റെ ഉള്ളും പുറവും വളർച്ചയുമൊക്കെ നിങ്ങൾക്ക് സുപരിചിതമല്ലേ. മൂപ്പെത്താത്ത എന്നെ പുറം തൊലി ചെത്തി നിങ്ങൾ ഉപ്പേരി വക്കാറില്ലേ.മൂപ്പെത്തിയ എന്നെ ചുളയരിഞ്ഞ്,കറിയായും,ഒലർത്തായും ഭക്ഷിക്കുന്നില്ലേ......

കുഴചക്ക പഴുത്തത് കൊണ്ട് ഒന്നാം തരം അപ്പമുണ്ടാക്കാറുണ്ട്.മൂത്ത ചക്കച്ചുള കീറി പൊരിച്ചെടുക്കാറുണ്ട്.പച്ചക്കറി പോലെ,ചക്ക ചിലർ കറി വെക്കാറുണ്ട്.പഴുത്ത ചക്ക ഉണക്കി സൂക്ഷിക്കാറുണ്ട്.ഇതു വരെ പറഞ്ഞതിന് പുറമെ ചക്ക കുരുവിനെ കൊണ്ട് വളരെ അധികം ഉപയോഗമുണ്ട്.കറി വെക്കാൻ.പ്രത്യേകിച്ച് ചെമ്മീനുമായി ചക്കകുരു ഇട്ട് വച്ചാൽ നാവിൽ സ്വാദ് പറപറക്കും.കൂടാതെ വറുത്ത് പൊടിച്ച് തേങ്ങയും ശർക്കരയും കൂട്ടി പലഹാരമുണ്ടാക്കാറുണ്ട്.




നമ്മുടെ നാട്ടിൽ സുലഭമായി ലഭിക്കുന്ന ചക്ക പല രോഗങ്ങൾക്കും ഉത്തമ ഔഷധമാണത്രെ. എയ്ഡ്സ്,

പ്രമേഹം, ആസ്ത്മ, രക്തസമ്മർദം, കാഴ്ചക്കുറവ്, തൈറോയ്ഡ്, എല്ലുകളുടെ ആരോഗ്യം എന്നു തുടങ്ങി പല രോഗങ്ങൾക്കും ചക്കയിൽ പ്രതിവിധിയുണ്ട്.പ്രമേഹമുള്ളവർ ഇനി കഞ്ഞിക്കോ ചപ്പാത്തിക്കോ പകരം ചക്കപ്പുഴുക്ക് ഉപയോഗിച്ചാൽ മതിയെന്നാണ് ഗവേഷകർ പറയുന്നത്. സ്ഥിരമായി ചക്കപ്പുഴുക്ക് ഉപയോഗിച്ചാൽ പ്രമേഹം മരുന്നില്ലാതെ നിയന്ത്രിക്കാനുമാവുമെന്നും ഗവേഷകർ പറയുന്നു. പ്രമേഹരോഗികളിലെ ഗ്ലൂക്കോസ് ടോളറൻസ് മെച്ചപ്പെടുത്താൻ ചക്കപ്പഴത്തിനു കഴിയും എന്ന് പഠനങ്ങളിൽ തെളിഞ്ഞിട്ടുണ്ട്. പ്ലാവിലയും പ്രമേഹത്തിന് ഔഷധം തന്നെ. പ്ലാവിലയിലടങ്ങിയ ചില രാസപദാർത്ഥങ്ങൾ രക്തത്തിലെ പഞ്ചസാരയുടെ അളവ് കുറയ്ക്കും എന്ന് എലികളിൽ നടത്തിയ പഠനത്തിൽ തെളിഞ്ഞു.

എയ്ഡ്സ് ബാധ വർദ്ധിക്കുന്നതു തടയാൻ ചക്കപ്പഴത്തിൽ അടങ്ങിയ ജാക്കലൈൻ എന്ന ഘടകത്തിനു കഴിയും എന്ന് പഠനങ്ങളിൽ തെളിഞ്ഞിട്ടുണ്ട്. ചക്കയിലടങ്ങിയ ഫൈറ്റോന്യൂട്രിയന്റ്സിന് അർബുദത്തെ പ്രതിരോധിക്കാനുള്ള കഴിവുണ്ട്. ഇവ അർബുദകാരണമായ ഫ്രീ റാഡിക്കലുകളെ തുരത്തി കോശങ്ങളുടെ നാശം സാവധാനത്തിലാക്കുന്നു.

രക്തത്തിലെ ഗ്ലൂക്കോസിന്റെ അളവ് കുറയ്ക്കാനാഗ്രഹിക്കുന്നവർ ചക്കക്കുരു ഭക്ഷണത്തിൽ ഉൾപ്പെടുത്തിയാൽ മതി. ആസ്ത്മ ചികിത്സയിൽ ചക്കയ്ക്ക് പ്രാധാന്യമുണ്ട്. പ്ലാവിന്റെ വേരും ചക്കയുടെ സത്തും എല്ലാം ആസ്ത്മ നിയന്ത്രിക്കാൻ ഫലപ്രദമാണ്. ചക്കപ്പഴത്തിലടങ്ങിയ പൊട്ടാസ്യം രക്തസമ്മർദ്ദം നിയന്ത്രിക്കുന്നു. പൊട്ടാസ്യം കൂടുതലടങ്ങിയ ഭക്ഷണം ഹൃദ്രോഗം, പക്ഷാഘാതം ഇവയ്ക്കുള്ള സാധ്യത കുറയ്ക്കുന്നു.

കണ്ണിന്റെ ആരോഗ്യത്തിന് സഹായകമായ നിരവധി പോഷകങ്ങൾ ചക്കപ്പഴത്തിലുണ്ട് ബീറ്റാ കരോട്ടിൻ , ജീവകം എ, ല്യൂട്ടിൻ, സീസാന്തിൻ എന്നിവയാണവ.



കരോട്ടിനോയ്ഡുകളായ ല്യൂട്ടിനും സിയാന്തിനും കൂടിയ അളവിൽറെറ്റിനയിൽ നിക്ഷേപിക്കപ്പെട്ടിട്ടുണ്ട്. ഉപദ്രവകരമായ പ്രകാശത്തെ അരിച്ച് കണ്ണിനെ സംരക്ഷിച്ച് ആരോഗ്യകരമായ കോശപ്രവർത്തനത്തെ സഹായിക്കുന്നു.രക്തം ഉണ്ടാകാൻ ആവശ്യമായ നിരവധി ജീവകങ്ങളും ധാതുക്കളും ചക്കപ്പഴത്തിൽ അടങ്ങിയിരിക്കുന്നു. ജീവകം എ, ജീവകം സി, ജീവകം ഇ കൂടാതെ കോപ്പർ, മാംഗനീസ്, മഗ്നീഷ്യം ഇവയും ചക്കപ്പഴത്തിൽ അടങ്ങിയിട്ടുണ്ട്. ചക്കപ്പഴത്തിൽ ധാരാളം ഇരുമ്പ് അടങ്ങിയിരിക്കുന്നു. വിളർച്ച തടയാൻ ചക്കപ്പഴം കഴിച്ചാൽ മതിയാകും.

ചക്കപ്പഴത്തിൽ കാൽസ്യം അടങ്ങിയിരിക്കുന്നു. ഇത് എല്ലുകൾക്ക് ആരോഗ്യമേകുന്നു. അസ്ഥിസംബന്ധമായ അസുഖങ്ങളെ തടയാൻ സഹായിക്കുന്നു. സന്ധിവാതം, ഓസ്റ്റിയോപോറോസിസ് ഇവയെല്ലാം വരാതെ തടയുന്നു. ഹോർമോണുകളുടെ ഉൽപ്പാദനവും ആഗിരണവും നിയന്ത്രിച്ച് തൈറോയ്ഡ് പ്രശ്നങ്ങൾക്ക് പരിഹാരമാകുന്ന കോപ്പർ ചക്കയിലുണ്ട്.

ചക്കയിൽ ജീവകം എ, ജീവകം സി, റൈബോഫ്ലേവിൻ, നിയാസിൻ, തയാമിൻ, ഫോളേറ്റ് എന്നിവ ധാരാളം അടങ്ങിയിരിക്കുന്നു. സോഡിയം, പൂരിതകൊഴുപ്പുകൾ, കൊളസ്ട്രോൾ ഇവ ചക്കയിൽ വളരെ കുറവാണ്. മഗ്നീഷ്യം, കാൽസ്യം, ഇരുമ്പ്, പൊട്ടാസ്യം, ഫോസ്ഫറസ്, കോപ്പർ, സിങ്ക്, മാംഗനീസ്, സെലെനിയം, എന്നീ ധാതുക്കളും ചക്കയിൽ ഉണ്ട്. ചക്കയിലടങ്ങിയ പോഷകങ്ങൾക്ക് ആന്റി കാൻസർ, ആന്റി ഏജിങ്ങ്, ആന്റി അൾസറേറ്റീവ് ഗുണങ്ങൾ ഉണ്ട്.

അൻസിയ സിദ്ദിഖ്

# തോൽവി വിജയത്തിലേക്കുള്ള ചവിട്ടുപടി

ജീവിതത്തിൽ ഒരു സന്ദർഭത്തിലും തോൽക്കാത്തതായി ആരുമില്ല. ഈ കഴിഞ്ഞ പ്രളയം തന്നെ ഓർത്താൽ ചിലരൊക്കെ പ്രളയത്തിന്റെ മുമ്പിൽ മുട്ടു മടക്കി. എന്നാൽ ഭൂരിഭാഗം ആളുകളും അതിനെ മറികടന്നു. പ്രളയം എന്ന തോൽവിയിൽ നിന്നുള്ള വിജയമാണ് നവകേരളം.



ഒരു പുഷ്പം കൊഴിഞ്ഞു എന്ന് കരുതി ഒരു പൂക്കാലം അവസാനിക്കുന്നില്ല. ഒരു കളിപ്പാട്ടം നഷ്ടപ്പെട്ടു എന്ന് കരുതി ബാല്യകാലം അവസാനിക്കുന്നില്ല. അതുപോലെ തന്നെ ഒരു പ്രളയം വന്നു എന്ന് കരുതി ഒരു ജനതയുടെ സ്വപ്നങ്ങൾ അവസാനിക്കുന്നില്ല.

ഒത്തൊരുമയോടെ നമ്മൾ എല്ലാവരും അതിനെ നേരിടും.

മനുഷ്യൻ പ്രകൃതിയോട് കാണിക്കുന്ന അനാസ്ഥയുടെ ഫലമായുണ്ടായ പ്രളയം ഒരു തോൽവിയായാണ് നാം കാണുന്നത്.

അതിനെ വിജയത്തിലേക്കുള്ള ചവിട്ട് പടിയായി കാണേണ്ടതും അംഗീകരിക്കേണ്ടതും നമ്മളാണ്. തോൽവി വിജയത്തിലേക്കുള്ള മുന്നോടിയാണെന്ന് പഴമക്കാർ പറഞ്ഞതിന്റെ പൊരുളിതാണ്.



നീന മോൾ സെബാസ്റ്റിൻ

# എന്റെ കേരളം

വെള്ളക്കരയിട്ട മരതക
പട്ടുചുറ്റി മണ്ണിൻ മകുടമായി വിളങ്ങും
ലാവണ്യവതി  മനശ്ശാന്തിതരും
മമ ജന്മ നാടേ മനോഹരീ...
കളകളമൊഴുകി സ്നിഗ്ദ
മടിത്തട്ടു കാണമാറഴകാർന്ന–
രുവികളുമതിരിൽ മേഘ മേലാപ്പു–
തൊട്ടു മുത്തുംഗ മേരുക്കളും
പച്ച പട്ടു പാവാടയിൽ മിന്നും
വെള്ളിനൂലഴ പോലസംഖ്യം
ശീതള മാമലഞൊറിയിളകും
മഞ്ഞുപൊഴിയും വസന്തത്തിൽ
വിരിയുമായിരം പൂവാടികൾ
കുളിർത്തെന്നലായി ആഞ്ഞുവീശും
ഉഷ്ണകാലത്തും നീല ജലാശയങ്ങൾ
ഇളം കാറ്റിൽ പാറുമംഗന തൻ
നീല വർണ്ണ മനോഹര തിര
ഞെറിയും സാഗരം നീളെ......

മമനാടേ മനോഹരീ...മനസ്സിൽ
നിൻ മുക്ത സൗന്ദര്യം.. നുകരുന്നു ഞാൻ...



സഫ്വ പി സിദ്ധിഖ്

# നിയന്ത്രണം



കൂട്ടുകാരെ, മനുഷ്യരാശിയെ കാർന്നുതിന്നുന്ന ഒരു ദുശ്ശീലമാണ് പുകവലി. നമ്മുടെ അടുത്തുള്ള പല ആളുകളും അതിന് അടിമയാണ്. കുട്ടികൾ മുതൽ മുതിർന്നവർ വരെ.ഇത് നാശത്തിലേക്കാണെന്നവർ മനസ്സിലാക്കുന്നില്ല. പുകവലി മാത്രമല്ല ഇന്ന് പലരും പലവിധത്തിലുള്ള മയക്കമരുന്നുകൾക്കും അടിമയാണ്. ഇങ്ങനെയുള്ള അടിമത്തത്തിലേക്ക് അവരെ എത്തിക്കുന്നത് അവർ തന്നെയാണെന്നുള്ള കാര്യം അവർ മനസ്സിലാക്കുന്നില്ല. ഇതിനെയൊന്നും നിയന്ത്രിക്കാനുള്ള കഴിവ് അവർക്ക് ഇല്ല എന്നതാണ് ഇതിനുള്ള പ്രധാന കാരണം. കൂട്ടുകാരെ നമ്മൾ നമ്മുടെ മനസ്സിനെ നിയന്ത്രിക്കണം.ഇല്ലായെങ്കിൽ അതായിരിക്കാം നമ്മെ നാശത്തിലേക്ക് എത്തിക്കുന്നതിനുള്ള പ്രധാന കാരണം. പുകവലിക്കുന്ന ഒരാൾക്ക് അത് വീണ്ടും വലിക്കണമെന്ന് തോന്നുമ്പോൾ അയാൾ പിന്നെയും വലിക്കുന്നു.ആ തോന്നലിനെ പിടിച്ച് നിർത്താൻ അയാൾക്ക് സാധിക്കുന്നില്ല.നിയന്ത്രണമില്ലാത്ത മനസ്സ് തീ പോലെയാണ് അതിനെ പെട്ടെന്നാർക്കും ഊതി കെടത്താൻ സാധിക്കുകയില്ല. അതിനായി പല തവണ ശ്രമിക്കേണ്ടിവരും.അതുകൊണ്ട്കൂട്ടുകാരെ നമ്മൾ എന്തെങ്കിലും തരത്തിലുള്ള അടിമത്തത്തിന് അടിമയാണെങ്കിൽ അതിനെ നിയന്ത്രിക്കാനുള്ള കഴിവ് നമുക്ക് ഉണ്ടാവണം. നമ്മുടെ മനസ്സിനെ നമ്മൾ കേന്ദ്രീകരിച്ച് വെക്കണം.ഇതിനായി നമ്മൾ നമ്മുടെ ദുശ്ശീലങ്ങളെ നമ്മുടെ ജീവിതത്തിൽ നിന്ന് വേരോടെ പിഴിതെറിയണം. ഇതിനായി നമുക്ക് ചെയ്യാവുന്ന കാര്യങ്ങൾ ഞാൻ പറയാം,പുകവലിക്കുന്ന ആളുകളെ

കണ്ടാൽ ഇത് നമ്മുടെ ശരീരത്തിന് ഹാനികരമാണെന്ന് അവരോട് പറഞ്ഞ് മനസ്സിലാക്കിക്കാം,ബോധവൽകരണ ക്ലാസ്സുകൾ നടത്താം. നല്ല നാളേക്ക് എന്ന ലക്ഷ്യത്തോടെ നമുക്ക് മുന്നേറാം.



ഷിഫാന ബഷീർ

# എന്റെ ചങ്ങാതി

ഞാനീ പ്രകൃതിയിൽ ഏറ്റവും ആസ്വദിച്ചിട്ടുള്ളതും സ്നേഹിച്ചിട്ടുള്ളതും വർഷകാലത്തിലെ കോരിച്ചൊരിയുന്ന മഴയെയാണ്. മഴ വ്യത്യസ്തങ്ങളാണ്. ചാറ്റൽ മഴ, പേമാരി, കാലവർഷം, അതിഘോരമഴ, ആകാശത്തെപ്പോലും വിറപ്പിച്ചുകൊണ്ട് ഇടിവെട്ടും ഇടിമിന്നലും കൂടിച്ചേർന്ന മഴ. ഇങ്ങനെ അനവധി. ചാറ്റൽമഴ നനയുവാൻ നല്ലതാണെങ്കിലും കാണുവാൻ അത്ര മെനയില്ല. കാലവർഷം കാണാൻ നല്ലതാണെങ്കിലും അനുഭവിക്കാൻ നല്ലതാണെങ്കിലും കേൾക്കാൻ പേടിയാണ്. മഴയല്ല, കാലവർഷകെടുതികളിൽ ദുഃഖിക്കുന്ന സാധുജനങ്ങളുടെ രോധനം. ഇടിവെട്ടോടുകൂടിയ മഴ കാണുവാൻ നല്ലതാണെങ്കിലും കേൾക്കാൻ ഭീകരമാണ്. മഴയിൽ മുഴുകിയിരിക്കുമ്പോൾ പെട്ടൊന്നൊരു ഭീകരം.



ഇവയിലൊന്നുമല്ല ഞാൻ സൗന്ദര്യം അനുഭവിച്ചിട്ടുള്ളത്. കോരിച്ചൊരിയുന്ന മഴയെയാണ് ഞാൻ സ്നേഹിച്ചത് അനുഭവിച്ചത്. മാനത്തെ കോർത്തിണക്കിയ മുത്ത് മാലകളിൽ നിന്ന് പൊട്ടിവീഴുന്ന പവിഴമുത്തുകൾ മണ്ണിൽ വീണു ചിന്നിചിതറുന്നു. പിന്നീട് ഒഴുകുന്നു എവിടെക്കെന്ന് അറിയാതെ. ലക്ഷ്യം എന്തെന്നറിയാതെ. ഈ മനോഹരമായ കാഴ്ച എല്ലാവരിലും ഒന്നുപോലെയല്ല പതിക്കുന്നത് എങ്കിലും എന്നിലെന്നും ഓരോ പുതുമകളോടെയാണ് പതിക്കുന്നത്. ചില മഴത്തുള്ളികൾക്ക് മണ്ണിലെത്താൻ സമയം കിട്ടാറില്ല. മേൽക്കൂരകളിലും മരങ്ങളിലും തട്ടി മന്നിലെക്ക് കുതിക്കുമ്പോൾ എന്റെ ജീവിതത്തിലെ പുതിയ ഉണർവുകളാണ് അതെല്ലാം കുളിർത്ത തെന്നൽ തഴുകി തലോടി കൈകൾ വെലിയിലേക്ക് നീട്ടി. മന്നിലേക്ക് പതിക്കാൻ

തടസ്സമെന്നവണ്ണമായിരിക്കണം ജല കണങ്ങൾ എന്റെ കൈകളെ കണ്ടത്. അല്ലെങ്കിൽ ജലകണങ്ങൾ എന്റെ കൈകളിൽ ശക്തമായിപതിച്ച് എന്നെ വേദനിപ്പിക്കില്ലായിരുന്നു.എന്നും മഴത്തുള്ളികൾ എന്റെ ചങ്ങാതിയായിട്ടാണ് എന്നിൽതോന്നിയിരുന്നത്. ആ തെളിനീരിൽ ഒന്ന് മുഖം ചേർക്കാൻ തോന്നും. ആ വെള്ളത്തുള്ളികളെ വാരി പുണരാൻ തോന്നും. മാറോട്ട ചേർത്ത് പിടിക്കാൻ തോന്നും.എന്നാൽ നാമും അവരും ഒരു കാര്യത്തിൽ സമാനരാണ്.എന്നും എന്നിൽ പുതുമ നൽകാത്ത സമാനത. ഒഴുകുന്നു എങ്ങോട്ടെന്നറിയാതെ.ചെന്നെത്തുന്ന വലിയ സമുദ്രങ്ങളറിയാതെ.മുന്നിലെ ദുർഘടങ്ങളിൽ പതറിയെങ്കിലും വീണ്ടും ഒഴുകാൻ കൊതിയോടെ ഒഴുകുന്നു.............................

അനിറ്റ ആന്റണി

# പുഷ്പം

ഉഷസ്സിൽ ചെറുപുഞ്ചിരിയോടെ
രജനിയിൽ മൗനമോടെ
എന്തേ ഇങ്ങനെ പുഷ്പമേ നീ
വികാരാധീതയായി മാറുന്നത്



പുഞ്ചിരി എന്നുടെ ആഹ്ളാദമാണല്ലോ?
മൗനം എന്നുടെ ദുഖങ്ങളും
ഈശ്വരൻ തന്നുടെ സൃഷ്ടിയാൽ ഞാൻ
ഉഷസ്സിൽ മിഴികൾ തുറക്കുന്നു

സഹോദരി,പുഷ്പമേ എന്താണിങ്ങനെ
ഒന്നുകിൽ ദുഃഖം അല്ലെങ്കിൽ സന്തോഷം
എത്രനാളിങ്ങനെ നീളുമിത്

ജന്മങ്ങളായി തുടരുന്നു ഈ പ്രക്രിയ
സുഖ-ദുഖങ്ങളാൽ സംതൃപ്തമാണല്ലെ.
പിന്നെയെന്തിനീശ്വരാ ഈ ദുഖങ്ങളേ
ഭൂമിയിലേക്കയച്ചു.



സോന റെജി

# പെൺകുട്ടി

ഗ്രാമീണ പെൺകുട്ടി
പച്ചപ്പു വിരിഞ്ഞ പാടത്തിൽ
ഓടി നടന്നു പെൺക്കുട്ടി
കയ്യിൽ വളയും കാലിൽ കൊലുസും
കുഞ്ഞി പൊട്ടും തൊട്ടവൾ ഓടി

ചക്കര മാങ്ങ തിന്ന് രസിപ്പൂ
പൂവും ശലഭവും ഓടി നടപ്പൂ
അവരുടെ കൂടെ ഈ പെൺക്കുട്ടി
ഓടി നടക്കുന്നു തുള്ളി ചാടി
രസിക്കുന്നു

തെങ്ങുകൾ നിറയും പച്ചതോപ്പ്
മത്സ്യങ്ങൾ ഓടി കളിക്കും കുളം
ആയിരം നക്ഷത്രം ആകാശത്തങ്ങനെ
നോക്കിയിരിപ്പൂ പൊന്നു പെൺക്കുട്ടി



മന്ന ജോർജ്ജ്

# കാന്തല്ലൂർ – സഞ്ചാരികളുടെ സ്വപ്നഭൂമി

കാന്തല്ലൂരിലേയ്ക്കുള്ള ഒരൊ യാത്രയും പുതിയ പുതിയ കാഴ്ച്ചകൾ സമ്മാനിച്ചു കൊണ്ടേയിരിക്കും .. കേരളത്തിന്റെ കാശ്മീർ എന്ന അറിയപ്പെടുന്ന ഈ ഗ്രാമത്തിൽ ആപ്പിളും ക്യാരറ്റും സ്ട്രാബെറിയും കൊണ്ട് സമൃദ്ധമാണ്. മൂന്നാറിലെയ്ക്ക് പോകുന്ന സഞ്ചാരികളിൽ അധികവും ഈ മനോഹാരിത ആസ്വദിക്കാതെ മടങ്ങുന്നു.കേരളത്തിൽ ആപ്പിൾ കൃഷിയുള്ളത് പലര്ക്കും അറിയാത്ത ഒരു കാര്യമാണ്. വിളഞ്ഞു നിൽകുന്ന ആപ്പിൾ തോട്ടം കാണാനും ഫ്രഷ് ആപ്പിൾ കൈയെത്തിച്ച് പൊട്ടിക്കാനും ആഗ്രഹികുന്നവർ നേരെ കാന്തല്ലൂർക്ക് യാത്രയാവാൻ തയ്യാറായികൊള്ളൂ. ജൂലൈ ആഗസ്റ്റ് മാസങ്ങളിലാണ് കന്തലൂരിലെ ആപ്പിൾ സീസൺ. എന്നാൽ തണുപ്പിന് അങ്ങനെ സീസൺ ഒന്നും ഇല്ലെത്രെ എപ്പോഴും ഉണ്ടാകും കൊടും വേനലിൽ പോലും എന്നാണ് പറയുന്നത്.മൂന്നാറിൽ നിന്നും മറയൂർ ദിശയിൽ 50km സഞ്ചരിച്ചാൽ കാന്തല്ലൂർ എന്നാ മനോഹരമായ ഗ്രാമത്തിൽ എത്താം. ആപ്പിൾ മാത്രമല്ല.. പ്ലം, സ്ട്രോബെറി, ബ്ലാക്ക് ബെറി, ഓറഞ്ച്, മുസംബി, ലിച്ചി, അവകാഡോ, രസ്ബെരി, പീച്ച് തുടങ്ങി പലതരത്തിലുള്ള പഴവർഗങ്ങളും പച്ചകറികളും സുലഭമായി കൃഷിചെയ്യുന്ന മനോഹരമായ ഗ്രാമം. മൂന്നാറിൽ നിന്നും മറയൂർ ദിശയിൽ 50km സഞ്ചരിച്ചാൽ കാന്തല്ലൂർ എന്നാ മനോഹരമായ ഗ്രാമത്തിൽ എത്താം. ആപ്പിൾ മാത്രമല്ല.. പ്ലം, സ്ട്രോബെറി, ബ്ലാക്ക് ബെറി, ഓറഞ്ച്, മുസംബി, ലിച്ചി, അവകാഡ്രോ, രസ്ബെരി, പീച്ച് തുടങ്ങി പലതരത്തിലുള്ള പഴവർഗങ്ങളും പച്ചകറികളും സുലഭമായി കൃഷിചെയ്യുന്ന മനോഹരമായ ഗ്രാമം.

അലീന സെൽവി



# പൊതുവിജ്ഞാനം

1.പാലിലടങ്ങിയിരിക്കുന്ന പഞ്ചസാര ഏത്?

ഉത്തരം.ലാക്ടോസ്

2.ലെവുലോസ് ഏന്നറിയപ്പെടുന്നത്?

ഉത്തരം.ഫ്രക്ടോസ്

3.തേനിലടങ്ങിയിരിക്കുന്ന പ്രധാന  പഞ്ചസാര ഏത്?

ഉത്തരം.ഫ്രക്ടോസ്

4.മെഴുകു ലയിക്കുന്ന ദ്രവകം ഏത്?

ഉത്തരം.ബെൻസിൽ

5.സിറിഞ്ചുകൾ അണുവിമുക്തമാക്കാൻ ഉപയോഗിക്കുന്ന പദാർഥം ഏത്?

ഉത്തരം.എഥനോൾ

6.ജല്ലം ശുദ്ധിക്കരിക്കാൻ ഉപയോഗിക്കുന്ന ലവണം ഏത്?

ഉത്തരം.പൊട്ടാ  ആലം

7.രക്ത ദാന ദിനം എന്ന്?

ഉത്തരം.ജൂൺ 14

8.ദി ബുക്ക് ഓഫ് ഇന്ത്യൻ ബേഡ്സ് രചിച്ചതാര് ?

ഉത്തരം.ഡോ.സലിം അലി

9.മനുഷ്യ  മാംസം ഭക്ഷിക്കുന്ന ജന്തുകൾക്ക് പറയുന്ന പേരെന്ത്?

ഉത്തരം.ഫെലിൻ

10.വൃക്കകളെ ബാധിക്കുന്ന രോഗങ്ങളെക്കുറിച്ചുള്ള

പഠനമേഖല ഏത്?

ഉത്തരം. നെഫ്രോളജി



എഡ്വീന ബിനോജി


# ഓസോൺ ദിനാചരണം

കുമ്പൻപാറ:ഓസോൺ ദിനാചരണവുമായി ബന്ധപ്പെട്ട് ഇന്നലെ (16\9\2018) ഉച്ചക്ക് രണ്ടു മണിയോടു കൂടി ഫാത്തിമ മാതയിലെ ഐ.ടി കൂട്ടായ്മയായ ലിറ്റിൽ കൈറ്റ്സിലെ അംഗങ്ങൾ ഓസോൺ ദിനമാചരിച്ചു.കൈറ്റ് അംഗങ്ങൾ എല്ലാം സ്കൂൾ അങ്കണത്തിൽ ഒത്തുകൂടി ഓസോൺ സംരക്ഷണവുമായി ബന്ധപ്പെട്ട പ്രതിജ്ഞ എടുത്തുകൊണ്ടാണ് ദിനാചരണം ആരംഭിച്ചത്.ഓസോൺ ദിനാചരണത്തിന്റെ ഉദ്ഘാടനം സ്കൂൾ ഹെഡ്മിസ്ട്രസ്സ് സിസ്റ്റർ ലാലി മാണി നിർഹിച്ചു.ഓസോൺ ദിനത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്ന ചുവർപത്രികകൾ സ്കൂൾ അങ്കണത്തിൽ പ്രദർശിപ്പിച്ചു.ഭൂമിക്ക് ഒരു കുടയായി നിൽക്കുന്ന ഓസോൺ പാളിയെ ആദരിച്ചുകൊണ്ട് ഗ്ലോബിനെ സ്വന്തം ഭൂമിയായി കണ്ട്, കൈറ്റ് അംഗങ്ങൾ ഗ്ലോബിന് ഒരു കുട വച്ചു നൽകി.എല്ലാവർക്കും നന്ദി അർപ്പിച്ചുകൊണ്ട് കൈറ്റ് മിസ്ട്രസ്സ് സിസ്റ്റർ ഷിജി ദിനാചരണം സമാപിപ്പിച്ചു.



# അക്ഷരപ്പിണക്കം

ഒരിക്കൽ
അക്ഷരങ്ങളെന്നോടു കലഹിച്ചു.
വാക്കുകളിൽ നിന്നും തെന്നിമാറി
എൻെറ ശാസനകളെ അതിലംഘിച്ച്
അക്ഷരാങ്കണത്തിൻെറ
നാലതിർത്തികളും ഭേദിച്ച്
അവരിൽ ചിലർ ഇറങ്ങിപ്പയി .
പള്ളിക്കൂടത്തിൻെറ




പാതാളപ്പാതയിൽ നിന്നു ഞാൻ
നിലവിളിച്ചു ....
മഹായാനത്തിലെ മഹാനിയതിപോലെ
തിരിഞ്ഞു നോക്കാതവർ നടന്നു....!!
മക്കളെല്ലാം ധൂർത്തരാകുമ്പോൾ
വഴിക്കണ്ണുമായി
നെഞ്ചുരുകുന്ന അച്ഛനാകുന്നു
എൻെറ വിദ്യാലയം...........



**നിലാചന്ദന അജി**

## അച്ഛൻ നട്ടുനനച്ച മുല്ലച്ചെടികൾ

പുറത്തു മഴ തിമർത്തു പെയ്യുകയാണ്. ഓടിട്ട വീടിനു മുകളിൽ പതിക്കുന്ന മഴത്തുള്ളികളുടെയും , കാറ്റും മഴയും ഇരമ്പുന്ന ശബ്ദവും എല്ലാം കേട്ടുകൊണ്ട് പുതപ്പിനുള്ളിൽ ചുരുണ്ടു കൂടി കിടക്കുവാൻ നല്ല രസം. ജനൽ പാളികൾ ചേർത്ത് അടച്ചിട്ടും ചെറിയ വിടവുകൾക്കിടയിലൂടെ മഴവെള്ളം അരിച്ചിറങ്ങുന്നുണ്ട്. ഓടിനിടയിലെ വിടവിൽ നിന്നും വീഴുന്ന മഴവെള്ളം പിടിക്കാൻ 'അമ്മ ഒരു വലിയ പാത്രം കൊണ്ട് വെച്ചിരിക്കുന്നു. മഴ പെയ്തു തുടങ്ങിയപ്പോൾ തന്നെ അച്ഛൻ ഓടുകൾ നീണ്ട വടി കൊണ്ട് ചെറുതായി തട്ടി ശെരിയാക്കിയതാണ്. പോരാത്തതിന് പച്ച ഓല മുറിച്ചു രണ്ടു ഓടുകൾക്കിടയിൽ വരുന്ന വിടവിൽ വെള്ളം താഴേക്ക് വരാത്ത രീതിയിൽ ഒരു പാത്തി പോലെ വെച്ചിട്ടുമുണ്ട്.

മഴയും നല്ല ഇരുട്ടുമായതിനാൽ മുറിയിലെ ചിമ്മിനി വിളക്ക് തിരി താഴ്ത്തി കെടുത്താതെ വെച്ചിട്ടുണ്ട്. അനിയത്തി കിടന്നു നല്ല ഉറക്കമാണ്. മേശപുറത്തു ഇരിക്കുന്ന ചില്ല് പാത്രത്തിൽ വെള്ളം ഒഴിച്ച് നിറയെ മുല്ലപ്പൂക്കൾ ഇട്ടു വെച്ചിട്ടുണ്ട്. അതിന്റെ സുഗന്ധം ഒരു രസമാണ്. മഴയില്ലാത്തപ്പോൾ ജനാല തുറന്നിട്ട് അരികത്തു നിൽക്കുന്ന മുല്ല ചെടികൾ കാണാൻ എന്ത് ഭംഗിയാണ്. കാറ്റ് വീശുമ്പോൾ കാറ്റത്തു മുല്ല ചെടിത്തുമ്പുകൾ തലയാട്ടുന്നതും നോക്കി ഇരിക്കും. ഈ മഴയിൽ മുല്ല ചെടികളെല്ലാം നന്നായി നനഞ്ഞു കാണും. വീടിന്റെ കൊച്ചു മുറ്റത്തു കുറെ മുല്ല ചെടികൾ നട്ടു പിടിപ്പിച്ചിട്ടുണ്ട്.

ഇതെല്ലാം ആലോചിച്ചു കിടന്നു ഉറങ്ങിപ്പോയി. രാവിലെ അമ്മ വന്നു വിളിക്കുമ്പോഴാണ് ഉണരുന്നത്. നല്ല ഉറക്കമായിരുന്നു. കോളേജിൽ പോവാൻ പെട്ടെന്ന് തന്നെ കുളിച്ചു കണ്ണ് എഴുതി പൊട്ടും തൊട്ടു ചുരിദാറും

അണിഞ്ഞു തയ്യാറായി. 'അമ്മ തന്ന പൊതിച്ചോറും എടുത്തു രാവിലെ എന്തെങ്കിലും കഴിച്ചു എന്ന് വരുത്തി ഇറങ്ങാൻ തുടങ്ങി. അനിയത്തിയേയും കൂട്ടി ഇറങ്ങുമ്പോൾ കുറച്ചു മുല്ല പൂക്കൾ ഇറുത്തു തലയിൽ വെക്കാൻ മറന്നില്ല. ബസ്സ് സ്റ്റോപ്പിലേക്ക് നടക്കുമ്പോൾ പതിവുപോലെ നാട്ടിലെ ചെക്കന്മാർ വായിൽ നോക്കി നില്പുണ്ടായിരുന്നു.

വൈകിട്ട് കോളേജ് കഴിഞ്ഞു വീട്ടിലേക്കു നടന്നു. അനിയത്തി വാതോരാതെ ഓരോന്ന് പറഞ്ഞു കൊണ്ട് കൂടെ നടക്കുന്നു. അവൾ അങ്ങനെയാണ് എപ്പോഴും എന്തേലും പറഞ്ഞോണ്ടിരിക്കും.

വീട് അടുക്കാറായി. വീടിനു മുൻപിൽ ഒരു ചെറിയ ആൾക്കൂട്ടം. അത് കണ്ടു മനസ്സ് വല്ലാതെ ഒന്ന് കാളി. അനിയത്തിയേയും കൂട്ടി വീട്ടിലേക്കു ഓടി. അവിടെ ചെന്നപ്പോൾ അച്ഛൻ ഒരു വടിയും പിടിച്ചു നില്പുണ്ട്. ആൾക്കാർ ഓരോന്ന് പിറുപിറുക്കുന്നു.

മുത്തശ്ശിയുടെ ശബ്ദം "എടാ നീയത് വെട്ടികളഞ്ഞേക്ക്. കുട്ട്യോള് നട്ടു വളർത്തിയെന്നും പറഞ്ഞു നോക്കിയിട്ടെന്തിനാ. അവർക്കു വേണ്ടിയിട്ടല്ലേ..... അല്ലേൽ ഇതേപോലെ വല്ല ഇഴ ജന്തുക്കളും വന്നു കടിച്ചാൽ എന്താ ചെയ്യ്കാ'".

അപ്പോഴാണ് കാര്യം മനസ്സിലായത്. മുറ്റത്തു ഒരു മൂർഖൻ പാമ്പ് ചത്ത് കിടക്കുന്നു. എല്ലാരും കൂടെ തല്ലി കൊന്നതാണ്. മുല്ല ചെടികളുടെ ഇടയിൽ പതുങ്ങി ഇരുന്നതാണത്രേ. മഴയത്തു ഇറങ്ങി വന്നതാവും. ഭാഗ്യത്തിന് അച്ഛൻ കണ്ടു. എല്ലാരും പറയുന്നു മുല്ലച്ചെടികൾ ഉള്ളത് കൊണ്ടാണ് പാമ്പു വരുന്നത് എന്ന്. അത് വെട്ടിക്കളയാൻ. ആകെപ്പാടെ സങ്കടം വന്നു. ഓരോ ചെടിയും വെള്ളം ഒഴിച്ച് വളർത്തിക്കൊണ്ടു വന്നതാണ്.

എത്ര നിസാരമായാണ് അത് വെട്ടിക്കളയാൻ പറയുന്നത്. അച്ഛൻ ഒരു വല്ലായ്മയോടെ നോക്കി. അച്ഛനറിയാം തനിക്കു അത് വിഷമം ആണെന്ന്. മറ്റുള്ളവർ പറയുന്നത് തള്ളി കളയാനും പറ്റില്ല. വീണ്ടും ഇങ്ങനെ സംഭവിച്ചാൽ അതുമതി പിന്നെ എല്ലാര്ക്കും പറയാൻ. ഒന്നും മിണ്ടാതെ അകത്തേക്ക് കയറി കട്ടിലിലേക്ക് കിടന്നു.

പുറത്തു ചെടികൾ വെട്ടുന്ന ശബ്ദം. അവിടേക്കു ചെല്ലാൻ മനസ്സ് വന്നില്ല. അതുകാണാൻ വയ്യ. സങ്കടം ഉള്ളിൽ ഒതുക്കി കുറച്ചു നേരം കിടന്നു

***** **** ***** *****

നഗരത്തിലെ പുതിയ ഫ്ലാറ്റിലേക്ക് ഇന്ന് താമസം മാറുകയാണ്. വർഷങ്ങൾ കടന്നുപോയത് എത്രപെട്ടെന്നാണ്. പഠനം കഴിഞ്ഞു നഗരത്തിലെ ഒരു വലിയ കമ്പനിയിൽ ഉയർന്ന ജോലി കിട്ടി. കമ്പനി തന്നെ അനുവദിച്ചു തന്നതാണ് ഈ ഫ്ളാറ്റ്. എല്ലാ സൗകര്യങ്ങളും ഉണ്ട്. ഫുൾ ഫർണിഷഡ്. മൂന്നാം നിലയിലുള്ള ഫ്ളാറ്റിന്റെ ജനൽ തുറന്നിട്ടാൽ നഗരത്തിലെ കാഴ്ചകൾ കാണാം. അനിയത്തിക്കും സൗകര്യമായി കോളേജിലേക്ക് പോകാൻ. അച്ഛനെയും അമ്മയെയും മുത്തശ്ശിയേയും നിര്ബന്ധിക്കേണ്ടി വന്നു ഇവിടെ വന്നു താമസിക്കാൻ. നാട്ടിലെ വീട് പൂട്ടി ഇറങ്ങുമ്പോൾ അമ്മയുടെയും മുത്തശ്ശിയുടെയും കണ്ണുകൾ നിറഞ്ഞു.

ഫ്ളാറ്റിൽ പുറത്തേക്കു ജനാലയുള്ള ഒരു മുറി ഞങ്ങൾ രണ്ടുപേരും എടുത്തു. അവിടെ പുറത്തേക്ക് ഇറങ്ങി നില്ക്കാൻ ഒരു ചെറിയ ബാൽക്കണി ഉണ്ട്. അച്ഛനും അമ്മയ്കും മുത്തശ്ശിയ്കും മറ്റുള്ള രണ്ടു മുറികളിലായി സൗകര്യപ്പെടുത്തി.

അച്ഛൻ ഇപ്പോൾ വരാം എന്നും പറഞ്ഞു പുറത്തേക്ക ഇറങ്ങി. ഈ നഗരത്തിൽ അച്ഛന് പരിചയമുള്ള ആരും ഉണ്ടാവില്ല. പിന്നെ എവിടേക്കാവും പോയത്. എല്ലാരും ചേർന്ന് വീട്ടിൽ നിന്ന് കൊണ്ട് വന്ന സാധനങ്ങൾ അടുക്കിവെച്ചു. അമ്മ അടുക്കളയിൽ പ്രാതലിനുള്ള ഒരുക്കങ്ങൾ നടത്തി. ഉച്ച ആയപ്പോൾ അച്ഛൻ വിയർത്തു കുളിച്ചു കയറി വന്നു. എവിടെ പോയതാണെന്ന് 'അമ്മ തിരക്കിയപ്പോൾ ഒരു സുഹൃത്തിനെ കാണാൻ പോയി എന്ന് മാത്രം ഉത്തരംപറഞ്ഞു. കുറെ നേരം എല്ലാരും വർത്തമാനം പറഞ്ഞു ഇരുന്നു. നേരം ഇരുട്ടി. നല്ല ക്ഷീണം ഉണ്ടായിരുന്നതിനാൽ നേരത്തെ എല്ലാരും ഉറങ്ങാൻ കിടന്നു.

രാവിലെ അനിയത്തിയുടെ ശബ്ദം കേട്ടാണ് ഉണർന്നത്., " ചേച്ചി...ചേച്ചി ഒന്ന് എഴുന്നേറ്റു വാ...ഇത് കണ്ടോ...." ബാല്കണിയിൽ നിന്നും ആണ് ശബ്ദം.

എഴുന്നേറ്റു അവളുടെ അടുത്തേക്ക് ചെന്നു. എന്താണ് കാഴ്ച എന്ന് ഉദ്വെഗത്തോടെ നോക്കി. കണ്ണുകൾ അത്ഭുദം കൊണ്ട് വിടർന്നു. വിടർന്നു നിൽക്കുന്ന മുല്ലപ്പൂവുകളാണ് കണ്ണിൽ ആദ്യം പതിഞ്ഞത്. ബാൽക്കണിയിൽ പൂച്ചട്ടികളിലായി കുറ്റിമുല്ല ചെടികൾ. എല്ലാം പൂവിട്ടു നില്കുന്നു. സന്തോഷം അടക്കാനായില്ല. ഇതെങ്ങനെ ഇവിടെ വന്നു. അപ്പോഴാണ് മനസ്സിലായത് ഇത് അച്ഛന്റെ പണിയാണെന്നു. പകൽ വെളിയിൽ പോയത് ഇതിനാവും. രാത്രിയിൽ ഉറങ്ങിയ നേരത്തു കൊണ്ട് വെച്ചതാവും. 'അച്ഛാ' എന്ന് സന്തോഷത്തോടെ ഉറക്കെ വിളിക്കാൻ വാ തുറന്നു.

അച്ഛന്റെ ശബ്ദം, "മോൾക്ക് സന്തോഷമായോ. എന്റെ കുട്ടീടെ മുല്ല ചെടികൾ വെട്ടി കളഞ്ഞതിനു പരിഹാരമല്ല. ഇവിടെ പിന്നെ ഇത്രേം

ഉയരത്തിൽ ഇഴ ജന്തുക്കൾ വരുമെന്ന് പേടിക്കണ്ടല്ലോ....".

അച്ഛനെ സന്തോഷത്തോടെ കെട്ടിപിടിച്ചു. അമ്മയും മുത്തശ്ശിയും പുഞ്ചിരിച്ചു കൊണ്ട് വാതിൽക്കൽ നില്പുണ്ടായിരുന്നു.



അഞ്ജന കെ അശോക്

# വിട്ടുപോയ വാക്ക്

ജീവിതം ചിട്ടപ്പെടുത്തുന്നതിന്റെ
ഭാഗമായിട്ടായിരുന്നു
ആ  സമയക്രമീകരണ പട്ടിക
നിറം മങ്ങിയ കടലാസിൽ
പാതിനിറച്ച പേനകൊണ്ട്
തലങ്ങും വിലങ്ങും വരച്ച്
സമചതുരങ്ങൾ ഉണ്ടാക്കാൻ ശ്രമിച്ചു.
ചിലതൊക്കെ ത്രികോണങ്ങളും
ഷഡ്ഭുജങ്ങളുമായി.
തിരുത്തൽ വിരൂപതയെ സൃഷ്ടിക്കും
എന്നാൽ തിരുത്തപ്പെട്ട വാക്കുകൾ
അർത്ഥസംപുഷ്ടവും ശ്രദ്ധേയവു-
മായിരിക്കുമെന്ന അറിവോടെ
ഞാൻ എഴുതി തുടങ്ങി.
ഇണക്കം.....പിണക്കം......ചിരി.......കരച്ചിൽ.......
നിലനിർത്തലിന്റെ നീണ്ടപട്ടികകൊണ്ട്
കോളങ്ങൾ നിറഞ്ഞപ്പോഴാണ്
അതു ശ്രദ്ധയിൽപെട്ടത്
സ്നേഹം....... എഴുതാൻ
വിട്ടുപോയിരിക്കുന്നു

ജിനു ശരവണൻ

# നിങ്ങൾക്കറിയാമോ ?

1.'ആയിരം തടാകങ്ങളുടെ നാട്'      എന്നറിയപ്പെടുന്ന രാജ്യം?

–ഫിൻലന്റ്

2.വിക്ടോറിയ വെള്ളച്ചാട്ടം ഏത് രാജ്യത്താണ് സ്ഥിതിചെയ്യുന്നത്?

–സിംബാബ്‌വെ/സാംബിയ

3.ഇന്ത്യയുടെ സിലിക്കൺ വാലി

–ബാംഗ്ലൂർ

4.ഹൈദ്രാബാദിന്റെ പഴയ പേര്?

–ഭാഗ്യനഗരം

5.'സമുദ്രത്തിലെ സുന്ദരി 'ഏത്?

–സ്റ്റോക്ക്ഹോം

6.ആസ്ത്രേലിയയുടെ  ദേശീയപുഷ്പം?

–അക്വേഷ്യാ പൂവ്

7.ദേശീയ ഡോക്ടേഴ്സ് ദിനം

–ജൂലൈ 1

8.അന്താരാഷ്ട്രക്രിമിനൽ കോടതി നിലവിൽ വന്നത്?

–2001 ജൂലൈ 1,ഹേഗ് ആസ്ഥാനമാക്കി.

9.ഐക്യരാഷ്ട്ര സംഘടനയുടെ ഔദ്യോഗിക ഭാഷകൾ?

ഫ്രഞ്ച്,റഷ്യൻ,ഇംഗ്ലീഷ്,സ്പാനിഷ്,ചൈനീസ്,

അറബി.

10.2008 ലെ കേരളത്തിലെ ജനസംഖ്യ?

–3,33,87,677

മുഹ്സിന പി എ

# കാട്

കാട്.... കാട് എന്നും ഒരു അനുഭൂതിയായി കാണുന്ന ഒരു ആളാണ് ഞാൻ.എന്നെ എന്നും ആകർഷിക്കുന്ന ഒരു ജീവിത സ്വപ്നമായി ഓരോ മലയാളിയിലും എന്നും പൂത്തു നിൽക്കുന്ന കാടിന്റെ മനോഹാരിതയെ വിട്ടോടി മറയാൻ ആർക്കും സാധിക്കുകയില്ല എന്നു നാം മനസ്സിലാക്കണം.



കാടിന്റെ നൈർമല്ല്യത്തിൽ ഉലയുന്ന ഓരോ മനുഷ്യനും അതിൽ മാത്സരികം കൊള്ളുന്നു എന്നു പറയുന്നതിൽ ഒരു അത്ഭുതവും തോന്നുന്നില്ല. കാടിനെ സംബന്ധിച്ചിടത്തോളം അത് ശ്രേഷ്ഠമായ ഒരു സമ്പത്താണ്.വന്യജീവികളും വിവിധതരം വൃക്ഷങ്ങളും ഉൾക്കൊള്ളുന്ന ഈ മനോഹരമായ പ്രകൃതിയിൽ നമ്മെ എറ്റവും പുളകം കൊള്ളിക്കുന്ന ഒന്നാണല്ലോ കാട്,രോഗികളായുള്ളവർക്കും ജീവിത ലക്ഷ്യം തകർന്നവർക്കും നൽകാവുന്ന എറ്റവും മനോഹരമായ ഒന്നൊണല്ലോ കാട്.



സ്നേഹ മാത്യു

# ഹാപ്പി ബർത്ത്ഡേ

സർപ്രൈസ് ഹാപ്പിബർത്ത്ഡേ....

ഹാപ്പിബർത്ത്ഡേ ടൂ...യൂ.....

എന്ന് പാടി മെഴുകുതിരിയണച്ച് കേക്ക് മുറിച്ച് തൊപ്പികളും സന്തോഷങ്ങളും നിറഞ്ഞ ആ ജന്മദിന ദിവസം എന്ത് അടിപൊളിയാണല്ലേ.രാത്രി 12 മണിക്ക് കൂട്ടുകാരും ബന്ധുക്കളും അയക്കുന്നു,

മെനി...മെനി...ഹാപ്പി റിട്ടേൺസ് ഓഫ് ദ ഡേ.....ഹാപ്പി ബർത്ത്ഡേ റ്റു യൂ ഡിയർ.....എന്നീ മെസേജുകൾ നമ്മളിൽ സന്തോഷം നിറക്കുന്നു.കേക്കുകളും സമ്മാനപ്പൊതികളും നിറഞ്ഞ സന്തോഷരാവാണത്.എന്നാൽ നാമൊരു കാര്യം ചിന്തിക്കാറില്ല.ഓരോ വർഷവും അതായത് ഓരോ ബർത്ത്ഡേയും കഴിയുമ്പോഴും നമ്മുടെ വയസ്സ് കൂടിവരുകയാണ്.അതായത് നമ്മുടെ ആയുസ്സ് കുറയുകയാണ്.നാം ഈ ലോകത്തിൽ കുറച്ചു നാളുകൾ കൂടിയേ കാണുകയുള്ളൂ...എന്ന് നിങ്ങൾ ചിന്തിച്ചു നോക്കൂ...

ഇനി നിങ്ങൾ ആലോചിച്ചു നോക്കൂ...ബർത്ത്ഡേ ദിനം ആഘോഷിക്കണോ അതോ കരയണമോ എന്ന്...

ഫൈഹ ഐമൻ

# ഈട്ടി

കേരളത്തിൽ തീരപ്രദേശം മുതൽ മലമ്പ്രദേശങ്ങൾ വരെ എല്ലായിടത്തും കാണപ്പെടുന്ന വൻവൃക്ഷമാണ് ഈട്ടി.ദക്ഷിണേന്ത്യയിലൊട്ടാകെ ഈട്ടി സുലഭമാണ്.മധ്യപ്രദേശിലും സിക്കിമിലും ഹിമാലയപ്രദേശങ്ങളിലും ഈട്ടിയുണ്ട്.സിക്കിമിൽ ചെറുതരം ഈട്ടിയാണ് വളരുന്നത്.പശ്ചിമഘട്ടനിരകളിലെ ഈട്ടി മരങ്ങൾ വളരെ വലുപ്പമുള്ളവയാണ്.വളർച്ചയെത്തിയ ഒരു ഈട്ടി മരത്തിന് ഏകദേശം 25 മീറ്റർ ഉയരവും 4.5 മീറ്റർ ച്ചുറ്റളവും ഉണ്ടായിരിക്കും.2 മീറ്റർ ച്ചുറ്റളവുണ്ടാകുന്നതിന് 100 വർഷം വേണ്ടി വരും.നിത്യഹരിതവൃക്ഷമാണ് ഈട്ടി.വേരിൽ നിന്നും പൊട്ടി മുളക്കുന്ന തൈകൾ മൂലമുള്ള വംശവർദ്ധന ഈട്ടുയുടെ പ്രത്യേകതയായി എടുത്ത് പറയാം.

# ഈടുള്ളത്

വളരെ കടുപ്പമുള്ളതും തിങ്ങിയ വരുപ്പുകളുള്ളതും ഈടുനിൽക്കിന്നതുമായ തടിയാണ് ഈട്ടിയുടേത്.ഈട്ടി കടഞ്ഞെടുത്തത് പോലെ എന്ന് കേട്ടിട്ടില്ലേ? കടുപ്പം കാണിക്കാനാണ് ഈ വിശേഷണം.അലങ്കാര സാധനങ്ങൾ,വീട്ടുപകരണങ്ങൾ,പാനലിംഗ് തുടങ്ങിയവക്ക് ഈട്ടി തടി ബഹുവിശിഷ്ടമാണ്.രണ്ടാം ലോകമഹായുദ്ധത്തിന് ശേഷം ഇറ്റാലിയൻ കൈത്തൊഴിൽ വിദഗ്ധർ ഈട്ടിയുടെ മേൻമ മനസ്സിലാക്കിയതോടെ യൂറോപ്യൻ രാജ്യങ്ങളിൽ ഇതിന് വമ്പിച്ച പ്രചാരം ലഭിച്ചു.ഈട്ടിയിൽ നിന്നും മനോഹരങ്ങളായ കൗതുക വസ്തുക്കൾ നിർമ്മിച്ചു വരുന്നു.

കേരളത്തിലെ ദാരുശിൽപ്പങ്ങൾ വളരെ പ്രസിദ്ധങ്ങളാണല്ലോ.ഈ ശിൽപ്പങ്ങൾക്ക് പ്ലാവ്,ഈട്ടി,തേക്ക് തുടങ്ങിയ മിനുസമുള്ള തടികളാണ് ഉപയോഗിക്കുന്നത്.പുരാതനകാലം മുതൽ ഈട്ടി,തേക്ക്,ചന്ദനം എന്നീ മരങ്ങൾ കേരളത്തിൽ നിന്നും

വിദേശരാജ്യങ്ങളിലേക്ക് കയറ്റു മതി ചെയ്തിരുന്നു.മെസപ്പൊട്ടാമിയയിലെയും ഈജിപ്റ്റിലെയും സംസ്കാരാവശിഷ്ടങ്ങൾക്കിടയിൽ കേരളത്തിലെ തേക്കും ഈട്ടിയും കണ്ടെത്തിയിട്ടുണ്ട്.ഒരു ഘന സെന്റിമീറ്റർ ഈട്ടിക്ക് ഏകദേശം 800 ഗ്രാം ഭാരമുണ്ട്.കാതലിന്റെ നിറം ചുവപ്പു കലർന്ന കറുപ്പാണ്.സംഗീതോപകരണങ്ങൾ,പ്രിന്റിംഗ് ബ്ലോക്കുകൾ തുടങ്ങിയവയും ഈട്ടിത്തടി കൊണ്ട് ഉണ്ടാക്കാം.

## മഹാഗണി

ഈടും ഉറപ്പും ഉള്ള തടിയും സമ്മുഖ പത്രങ്ങളുമുള്ള നിത്യഹരിത വൃക്ഷമാണ് മഹാഗണി.സ്പെയിൻകാരായ സഞ്ചാരികൾ വെസ്റ്റിൻഡീസ് ദ്വീപുകളിൽ നിന്ന് ഇതിന്റെ തടികൾ മുറിച്ചെടുക്കുകയും കപ്പൽ നിർമ്മാണത്തിന് ഉപയോഗിക്കുകയും ചെയ്തു.1595-ൽ ഇംഗ്ലീഷുകാരനായ സർ വാൾട്ടർ റാലി കപ്പൽ നിർമ്മാണത്തിന് ഇതിന്റെ തടികൾ ഉപയോഗിച്ചിരുന്നു.ആഫ്രിക്കൻ മഹാഗണി വ്യവസായ പ്രാധാന്യമുള്ള വൃക്ഷമാണ്.

മിലിയേസി എന്ന സസ്യ കുലത്തിൽപ്പെടുന്ന മഹാഗണിയുടെ ശാസ്ത്രനാമം സൈറ്റിനിയ മാക്രോഫില്ല എന്നാണ്.

### ഇന്ത്യയിൽ

1795-ൽ വെസ്റ്റിൻഡീസിൽ നിന്ന് ആദ്യനായി ഇതിന്റെ തൈകൾ കൽക്കട്ടയിൽ കൊണ്ടു വന്ന് റോയൽ ബൊട്ടാണിക്കൽ ഗാർഡനിൽ വച്ചു പിടിപ്പിച്ചു.നല്ല നീർവാർച്ചയുള്ള അസാന്ദ്ര മണ്ണിൽ ഇത് തഴച്ചു വലരും.ഒരു വർഷം 3.5 സെ.മീറ്റർ വ്യാസവർദ്ധന ഉണ്ടാകുമെന്നു കണക്കാക്കപ്പെടുന്നു.തടിക്കു കറുപ്പു കലർന്ന ചുവപ്പു നിറമാണ്.മിനുസപ്പണികൾക്ക് അത്യുത്തമം.മിതമായ ഭാരം.ഇതാ ലോകത്തിലെ ശ്രേഷ്ഠമായ ഫർണിച്ചർ തടികലിൽ ഒന്നായി

മാറിക്കഴിഞ്ഞിരിക്കുന്നു.ചെറിയ മഹാഗണിക്കാണ് പ്രിയം കൂടുതൽ.

സുന്ദരൻ എന്നാണ് പാശ്ച്യാത്യർ മഹാഗണിയെ വിളിക്കുന്നത്.വെസ്റ്റിൻഡീസിൽ മഹാഗണി ധാരാളമായി വളരുന്നു.തണൽ മരമായാണ് ഇത് ആദ്യം കൃഷി ചെയ്തിരുന്നത്.ഇലക്ക് 1 അടി നീളമിണ്ട്.മഹോഗണി 45 അടി ലരെ ഉയരം വയ്ക്കും.ചിവന്ന് കറുത്ത് മനോഹരമായ തടി.അമേരിക്കയിലെ ഏറ്റവിം വിലകൂടിയ തടിയാണ് മഹേഗണി.മാർക്കറ്റിൽ സുലഭമായ വസ്തുവായത് കൊണ്ട് പലപ്പോഴും സെഡ്രല്ല,അഡോറൈറ്റ് തുടങ്ഹിയ മഹേഗണ് കുടുംബത്തിൽപ്പെട്ട തടികളാണ് കൂടുതലും ഉപയോഗിക്കുക.

## യൂ

ഓക്ക തടിയുടെ കടുപ്പമുണ്ട് യൂ എന്ന മരത്തിന്റെ തടിക്ക്.പക്ഷേ സോഫ്റ്റ് വുഡ് ആയിട്ടാണ് യൂ അറിയപ്പെടുന്നത്.പക്ഷേ പേരുകൊണ്ട് കടത്തത്,സ്വഭാവം കൊണ്ട് മൃദുലവും.

മഹാഗണിയുടെ മഹത്വം

16ാം നൂറ്റാണ്ടിലെ സ്പെയിൻകാരായ ഏതാനും നാവികർ ഫിലിപ്പ് 11–ാംമൻ രാജാവിന് ഒരു കരീബിയൻ മഹോഗണിയുടെ കഷണം സമ്മാനിച്ചു.ആ തടിയുടെ സവിശേഷത മനസ്സിലാക്കിയ രാജാവ് പിന്നെ ഒട്ടും താമസിച്ചില്ല ,കരീബിയനിലെ മഹോഗണി മരങ്ങൾ അത്രയും വെട്ടി കൊണ്ടു വരാൻ ഉത്തരവിട്ടു.ഇന്നും ഈ വൃക്ഷത്തിന്റെ മാഹാത്മ്യം എല്ലാ രാജ്യങ്ങലിലും നിലനിൽക്കുന്നു.



അമീന സി.എ

# വർണ്ണ മത്സ്യങ്ങൾ

***ഓസ്കാർ**

അലങ്കാര മത്സ്യം വളർത്തുന്നവരെ സംബന്ധിച്ചിടത്തോളം അന്തസ്സിന്റെ അടയാളമാണ് ഓസ്കാർ.ആമസോൺകാരനായാണ് ഈ സുന്ദരനെ കണക്കാക്കുന്നത്.ഏതാണ്ട് 15 ഇഞ്ചുവരെ വലുപ്പം വക്കും.കറുപ്പുവർണ്ണവും സ്വർണ്ണവർണ്ണവും ഒലിവ് ഗ്രീനും കലർന്ന മനോഹരമായ ഡിസൈനുകളോട് കൂടിയ ശരീരമാണ് ഇവനുള്ളത്.കൂടാതെ റോസ് നിറത്തിലുള്ള വെൽവെറ്റ് ഓസ്കാർ,വെള്ളനിറത്തിലുള്ള ആൽബിനോ ഓസ്കാർ തുടങ്ങിയവയും ഇക്കൂട്ടത്തിൽ സാധാരണമാണ്.

***മോളികൾ**

അലങ്കാര മത്സ്യ പ്രേമികൾക്ക് മോളി മത്സ്യം എന്ന് കേട്ടാൽ മനസ്സ് നിറയും.അത്രക്ക് സുന്ദരന്മാരാണ് ഈ ഇത്തിരികുഞ്ഞൻമാർ.മിനുത്ത എണ്ണക്കറുപ്പൻമാർ തുടങ്ങി തൂവെള്ള നിറത്തിലുള്ളവയും കറുപ്പും വെളുപ്പും ഇടകലർന്ന സുന്ദരന്മാരും ഇക്കൂട്ടത്തിലുണ്ട്.പരമാവധി വലുപ്പം രണ്ടിഞ്ച്.സാധാരണ അക്വോറിയങ്ങളിൽ ഒന്ന്-ഒന്നരഇഞ്ചുവരെയാണ് വലുപ്പം.മിശ്രഹഭുക്കുകളാണിവ.



***ഫൈറ്റർ**

കാഴ്ചയിൽ അതി സുന്ദരൻ.പക്ഷേ തികഞ്ഞ വഴക്കാളി.ഇതാണ് ഫൈറ്റർ.ചെറിയ അക്വോറിങ്ങളിലും ഗ്ലാസ് ബൗളുകളിലും ഇവയെ വളർത്താം.



***സക്കർ ഫിഷ്**

അക്വോറിയങ്ങളിൽ ചിലപ്പോൾ ഒരു പ്രതിമപോലെ അനക്കമില്ലാതെ ഒട്ടേറെ സമയം കഴിച്ചുകൂട്ടുന്ന സക്കറുകൾ കാഴ്ചക്ക് സുന്ദരന്മാരല്ല.പക്ഷേ

ലോച്ചുകളെ പോലെ ഇവയും ശുചീകരണ വിഭാഗം ജീവനക്കാരാണ്. ടാങ്കിന്റെ ഭിത്തികളിൽ പറ്റിപ്പിടിച്ചിരിക്കുന്ന പൂപ്പലുകളും മറ്റുമാണിവയുടെ ആഹാരം.

***ഗോൾഡ് ഫിഷ്**

അക്വോറിയമെന്നു കേൾക്കുമ്പോൾ മനസ്സിലേക്ക് ഓടിയെത്തും ഈ സുന്ദരന്മാർ.ജൻമദേശം ചൈന.പരമാവധി 35 സെന്റീമീറ്റർ വരെ നീളമെങ്കിലും സാധാരണയായി 12–15 സെന്റീമീറ്റർ വരെയാണ് വളർന്നുകാണുന്നത്.



സ്വാലിഹ കെ.നാസർ

# ഞങ്ങൾ രണ്ട് മഴത്തുള്ളികൾ

പൊട്ടാൻ വിതുമ്പിനിൽക്കുന്ന മഴമേഘം..

വിരഹഗാനം മീട്ടുന്ന മിന്നൽ പിണരുകൾ......മനസ്സിന്റെ അഗാധ തലങ്ങളെ ഓർമ്മയുടെ ഇടി മുഴക്കത്തിന്റെ അനന്തസ്പർശം മുഖരിതമാക്കുന്നു...അവർണ്ണനീയവും മനോജ്ഞവുമായ ഒരു മഹാനിമിഷത്തിന് വിട പറഞ്ഞ് വിതുമ്പിക്കരഞ്ഞ് ആ മേഘം രണ്ടായി പിളർന്നു....അതിൽനിന്നും നമ്മൾ ..രണ്ട് മഴത്തുള്ളികൾ..സൗഹൃദത്തിന്റെ കൈ കോർത്തുപിടിച്ച് എന്തൊക്കെയോ നേടുവാനുള്ള അകതാരിന്റെ ആശയെ സാക്ഷാത്കരിക്കുവാൻ മുന്നോട്ട്....

സുഹൃദ് ബന്ധങ്ങളെ തകർക്കാനെന്നവണ്ണം കഠോര ഹൃദയത്തോടെ നമ്മുടെ ഇടയിലേക്കും കടന്നുവരുന്ന മിന്നൽപിണർ , ഇനിയും നമ്മെ പിരിക്കുമെന്ന അർത്ഥശാസ്ത്രം മനതാരിന്റെ ഉൾത്തടത്തെ നിശ്ചലമാക്കിയപ്പോൾ ഇനിയും കാണുമോ എന്ന ദുഃഖഗാനം അകതാരിന്റെ തന്ത്രികൾ മീട്ടി ഒത്തൊരുമിച്ച് കഥകൾ പറഞ്ഞ്,കൈ കോർത്ത് നടന്ന ദിനരാത്രങ്ങൾ ...അതെല്ലാം ഇന്നീ നിമിഷം അവസാനിക്കുമോ എന്ന ചിന്ത ഹൃദയത്തെ പിളർക്കുമ്പോൾ ....സൗഹൃദമെന്ന മണിച്ചെപ്പ് പൊട്ടാതിരിക്കാൻ ഒരുപാട് ആഗ്രഹിക്കുന്നു.................

പുലർക്കാല വന്ദനം പറയുന്ന കോകിലം അർക്കന്റെ വരവിന് വന്ദനം പറയുന്ന മനോഹര കാഴ്ച... ഓർമ്മയിൽ നിറഞ്ഞു നിൽക്കുന്ന മധുരസ്മരണകൾക്ക് പുതുജീവൻ നൽകുന്നു . ഇതിവിടെ നാം വിട പറയുകയില്ലാ....മേഘത്തിൽ നിന്നും ആഴിയുടെ അനന്തമായ ഓളങ്ങളിലേക്ക് നീങ്ങുകയാണ്...

കടലിന്റെ അനന്തപരപ്പിലൂടെ ഒഴുകി നടന്നാലും ഒരിക്കലും നമ്മുടെ മനസ്സിനെ,മനസ്സിന്റെ ചിന്തകളെ ആഴിയുടെ രൗദ്രഭാവങ്ങൾക്കുപോലും പിളർക്കുവാനാകില്ല...യാമങ്ങളും.......... മാസങ്ങളും......വർഷങ്ങളും നമ്മെ പിരിക്കുകയില്ലാ....മനതാരിന്റെ ഗന്ധർവ്വ

തൊട്ടിലിൽ മൊട്ടിടുന്ന അനുരാഗ സ്വപ്ന

ഗീതങ്ങൾ പോലും നമസ്കരിക്കുന്നു നമ്മുടെ ഈ രാഗ സുന്ദര സൗഹൃദത്തെ..

എന്നും..........എന്നെന്നും..........

ജിനു ശരവണൻ

# അന്നും ഇന്നും

പച്ചപ്പട്ടുടുത്ത് നിലാകാശം നോക്കി സൂര്യന് പ്രഭാതം നൽകുന്ന നെൽക്കതിരുകൾ. വെള്ളി പാദസ്വരങ്ങൾ കിലുക്കി മലയിടുക്കിലൂടെ ഒഴുകി എത്തുന്ന കുളിരരുവികൾ. ചെറുകാറ്റിൽ തലയാട്ടി നിൽക്കുന്ന ചെഞ്ചീരകൾ. ഇങ്ങനെയെല്ലാം ആയിരുന്നു നമ്മുടെ പ്രകൃതി.

എന്നാൽ ഇന്ന്



വയലുകളുടെ സ്ഥാനത്ത് സൂര്യനെ നോക്കി നിൽക്കുന്നത് നെല്ലുകളല്ല ഉയർത്തികെട്ടിയ വൻ ഗോപുരങ്ങളാണ്. അന്നത്തെ അരുവികളുടെ സ്ഥാനത്ത് ഇന്നാകട്ടെ കുറെ മലിനജലം മാത്രം. പച്ചക്കറികളോ നമ്മുടെ കേരളത്തിൽ സ്ഥിതിചെയ്യുന്നില്ല. എല്ലാം വിഷം നിറഞ്ഞ മായം ചേർത്ത ഭക്ഷണങ്ങൾ മാത്രം. പണ്ട് നമ്മുക്ക് പറയാനാകുമായിരുന്നു "എന്റെ കേരളം സുന്ദര കേരളം" എന്ന് എന്നാലിന്നോ? കേരളമെന്ന് പറയാൻ ആയി മാത്രം ചില കേരമരങ്ങൾ കേരളത്തിന് എന്ത് സംഭവിച്ചാലും ചില മനുഷ്യ മനസ്സുകളിൽ കേരളം എന്നും തിളങ്ങി കൊണ്ടേയിരിക്കുക തന്നെ ചെയ്യും!

റുക്സാന ഷാജഹാൻ

# അതിരില്ലത്താനുഭൂതി.....

അതിരില്ലാത്താനുഭൂതി
ഞാൻ അനുഭവിചെന്നാൽ
പൂർണ്ണചന്ദ്രൻ പ്രഭ



എൻ കണ്ണിൽ വലയംതീർത്തു
ഒരിക്കൽ നിലാവിൻ വെളിച്ചം
കണ്ടാനന്ദിച്ച നിന്നു

ഞാൻ......................
അത് ഉൾതട്ടിലേക്ക്
ഒരു മഴപെയ്തിറങ്ങിയ
അനുഭൂതി നൽകി

ആ അനുഭൂതി
ഇതുവരെ ആരും
അനുഭവിച്ചിട്ടില്ല...............



ദൃുതി മോൾ കെ.എസ്

# സ്കൂൾവിക്കിയിൽ റണ്ണറപ്പായി ഫാത്തിമമാത

കുമ്പൻപാറ:സംസ്ഥാനതല സ്ക്കൂൾവിക്കി മത്സരത്തിൽ ഫാത്തിമ മാത സ്ക്കൂൾ റണ്ണറപ്പായി തിരഞ്ഞെടുക്കപ്പെട്ടു. 4/10/2018 ൽ മലപ്പുറത്ത് നടന്ന ചടങ്ങിൽ ട്രോഫിയും ക്യാഷ് അവാർഡും വിദ്യാഭ്യാസ മന്ത്രി ശ്രീ. രവീന്ദ്രനാഥിൽ നിന്നും സ്ക്കൂൾ ഹെഡ്മിസ്ട്രസ്സ് സി. ലാലി മാണിയും എസ്.ഐ.റ്റി.സി സി. ഷിജി മോൾ സെബാസ്റ്റ്യനും ചേർന്ന് ഏറ്റുവാങ്ങി.



# ഗ്രാമം

നീണ്ടുകിടക്കുന്ന ഒരു വരയിൽ നിരവധികുത്തുകൾ ഇട്ടിരിക്കുന്നു.ഈ കുത്തുകളിൽ ഏറ്റവും അവസാനത്തെ കണ്ണിയാണ് ഗ്രാമം.ഒരു സുന്ദര അനുഭൂതിയാണത്.സ്പർശിച്ചും കേട്ടും കണ്ടും ഈ അനുഭൂതിയെ കവർന്നെടുക്കാം.ഗ്രാമം എന്ന് ഓർക്കുമ്പോൾ നയനങ്ങളിലേക്ക് ആദ്യം ഓടിയെത്തുന്ന ചിത്രം നെൽപ്പാടങ്ങളുടേതാണ്.ഒരു വലിയ പച്ചപട്ടുസാരി സുന്ദരിയാണ് പാടങ്ങൾ.വയൽ വരമ്പുകൾ പച്ചപട്ടുസാരിയുടെ കസവുകൾ എന്ന വണ്ണം അലങ്കരിക്കുന്നു.

എന്റെ സ്വന്തം കാഴ്ച്ചപാടിൽ ഗ്രാമം കിടാങ്ങളുടെ സന്തോഷമാണ്.പച്ചപുല്ലുള്ള മൈതാനങ്ങളിലൂടെ കിടാങ്ങൾ ആർത്തുല്ലസിക്കുന്നു.

ഇളം പച്ചനിറമുള്ള പുല്ലുകൾ ച്യൂയിങ്കം പോലെ ചവച്ചരക്കുന്നു.

ഗ്രാമത്തിലെ വേറൊരു ഭംഗിയാണ് പുഴകൾ,കൈത്തോടുകൾ മുതലായവ.കാൽത്തളയിട്ട് കിലുങ്ങി നടക്കുന്ന ഒരു കൊച്ചു പെൺക്കുട്ടിയോട് പുഴകളെ ഉപമിക്കാം.എത്രയോ സുന്ദരമാണ് നദിയുടെ ഒഴുക്ക്...............

താളം പിടിച്ച്,ആടി,തുള്ളി,ചാടി,ഇടക്ക് കരഞ്ഞ്,ഇടക്ക് ചിരിച്ച്,ഇടക്ക് പാറക്കല്ലിൽ തട്ടിത്തെറിച്ച മുത്തുകൾ എന്നതുപോൽ പുഴകൾ ഒഴുകയാണ്.

ഗ്രാമത്തിലെ നദിയെ നോക്കിനിന്നാൽ നൃത്തം പടിക്കാൻ വേറൊരു മാഷിനെ ആവശ്യമില്ല.

അത്രത്തോളം സുന്ദരമായിരുന്നല്ലോ
നമ്മുടെ ഗ്രാമം.............

സോന റെജി

# തലച്ചോർ തകർക്കുന്ന പുകവലി

പുകവലി അപകടകരമാണെന്ന് എല്ലാവർക്കും അറിയാം. എന്നാൽ, കുട്ടിക്കാലത്തെ പുകവലി അപകടകരമെന്ന് മാത്രമല്ല, തലച്ചോറിന്റെ വികാസത്തെ തടയുന്നതുകൂടിയാണെന്ന് പുതിയ പഠനങ്ങൾ തെളിയിക്കുന്നു. ചെറുപ്പത്തിൽ പുകവലി പുകവലി ശീലിക്കുന്നവരുടെ കേൾവി, കാഴ്ച്ച എന്നിവയെ നിയന്ത്രിക്കുന്ന നാഡീവ്യവസ്ഥയുടെ ഭാഗങ്ങളാണ് തകരാറിലാവുക. അതിനാൽ ഇവർ ശരിയായ രീതിയിലായിരിക്കില്ല ശബ്ദവും ദൃശ്യവും തിരിച്ചറിയുന്നത്. ലെസ്ളി ജേക്കബ്സൺ എന്ന അമേരിക്കൻ ഗവേഷകയാണ് ഇക്കാര്യം കണ്ടെത്തിയത്. ശബ്ദം പോലുള്ള പ്രേരകങ്ങളങ്ങ തിരിച്ചറിയാൻ സഹായിക്കുന്ന തലച്ചോർ ഭാഗങ്ങളെ പുകയിലപ്പുക ദോഷകരമായി ബാധിച്ചതായി പഠനത്തിൽ തെളിഞ്ഞു. ഇങ്ങനെയുള്ളവർക്ക് മറ്റുള്ളവരെപ്പോലെ
ശ്രവണദൃശ്യവിവരങ്ങളിൽ ശ്രദ്ധ കുറവായിരിക്കും.



അനന്തിക കെ. വി

## സമയമെന്ന സമ്പത്ത്

പണ്ടിതനും ധനും,ധനികനും,ദരിദ്രനും,വെളുത്തവനും, കറുത്തവനും സമയത്തിന്റെ കാര്യത്തിൽ വേർതിരിവില്ല. ഈശ്വരനിശ്ചയമനുശരിച്ച് ഓരോരുത്തർക്കും ശമയം ലഭിക്കുന്നു. നാം അത് വിലകോടുത്ത് വാങ്ങുന്നതല്ല. സൗജന്യമായി ലഭിക്കുന്നതാണ്.ഇക്കാര്യത്തിൽ പരിഭ്രമിച്ചിട്ടോ പരാതിപറഞ്ഞിട്ടോ കാര്യമില്ല. നമുക്ക് ലഭിച്ചിരിക്കുന്ന സമയത്തെ വിലപ്പെട്ടതായികണ്ട് അവയിൽ നിന്ന് കഴിയുന്നിടത്തോളം ഫലമെടുക്കുകയാണ് വേണ്ടത്. ഓരോ നിമിഷവും വിലപിടിപ്പുളളതായി കരുതുമ്പോൾ ഒരുമണിക്കൂർ നന്നായി ചേയ്യാൻ സാധിക്കും. 24 മണിക്കൂർ നന്നായി ഉപയോഗിച്ചാൽ ഒരു ദിവസം വിജയകരമായി കടന്നു പോകും. പിന്നീട് അത് ആഴ്ച്ചകളാകും, ആഴ്ച്ചകൾ മാസങ്ങളാകും, മാസങ്ങൾ വർഷങ്ങളാകും. മഹാന്മാർ തങ്ങളുടെ ജീവിതത്തിലെ ഓരോ നിമിഷവും ഫലപ്രദമായിവിനയോഗിച്ചതു കോണ്ടാണ് ജീവിതത്തിൽ ഉന്നതിയിലെത്താൻ അവർക്ക് സാധിച്ചത്. മടിയൻ മലചുമക്കും. സമയം നന്നായി ഉപയോഗപ്പെടുത്തിയാൽ ഈ അവസ്ഥ നമുക്കുണ്ടാവില്ല. സമയം ആർക്കുവേണ്ടിയും കാത്ത് നിൽക്കാറില്ല. സമയത്തെ നിയന്തിക്കാൻ നമുക്കാവില്ല. അതിനാൽ സമയത്തിനനുസൃതമായി നാം നല്ലെ തന്നെ നിയന്ത്രിക്കണം. ചെറുപ്പം മുതൽ സമയത്തിന്റെ വില നന്നായി അറിഞ്ഞുതന്നെ വളരണം. സമയത്തിന്റെ മഹത്വം മനസ്സിലാക്കി ജീവിക്കുമ്പോൾ ജീവിതവിജയം കരസ്ഥമാക്കാൻ നമുക്ക് സാധിക്കും. നമ്മുടെ അശ്രദ്ധയും അലസതയും കൊണ്ട് നഷ്ടപ്പെടുത്തിയ ഒരുനിമിഷത്തെ എത്രശ്രമിച്ചാലും നേടിയെടുക്കാൻ സാധിക്കുകയില്ല എന്ന സത്യം മനസ്സിലാക്കി കരുതലൊടെ വേണം മുമ്പോട്ടുപോകാൻ.

# ഒടുങ്ങാത്ത ഓർമ്മകൾ

തിരിപോൽ എരിയുന്ന ജീവിതത്തിൽ
തരളമാം ബന്ധമീ ഓർമ്മകൾ.
എരിയുന്ന കണ്ണുനീർ
കഴുകുന്ന മൗനമീ പ്രണയം.
ഒടുവിൽ നിൻ ഓർമ്മകൾ
മൃത്യുവിൽ ഏകാന്തതയിൽ
ക്ഷയിക്കാൻ ശ്രമിക്കുന്ന വേളയിൽ
മുറിയുന്നി ജന്മസാഫല്യങ്ങൾ.
ബാല്യവും കൗമാര യൗവനങ്ങളും
നൽകുന്ന മധുരമാം ഓർമ്മകൾ
ജീവിതത്തിൻ ആനന്ദം.
വറ്റാതെ ഒഴുകുന്ന കണ്ണുനീർ
പോലെയെന്നും മരിക്കാത്ത ഓർമ്മകൾ.
തൂമഞ്ഞിൻ തണുപ്പാർന്ന കൂട്ടിൽ
ഉറങ്ങാൻ കിടക്കുന്നു ഞാൻ
ഓർമ്മകളെ ഉണർത്താൻ.............

ഷിഫാന ബഷീർ

# എഴുത്തിന്റെ വഴി..........

"കൊച്ചുക്കുട്ടുകാർ ആദ്യാക്ഷരത്തിന്റെ മധുരം നുണയുന്ന നാളുകളിൽ എഴുത്തു പിറന്ന നാളുകളെ കുറിച്ച് അറിയാനായി
എഴുത്ത് പിറന്ന വഴികളെക്കുറിച്ച് വായിക്കൂ.........."

എഴുതപ്പെട്ട ചരിത്രം തുടങ്ങുന്നതിന് മുമ്പ്മനുഷ്യന്റെ ആശയവിനിമയം എങ്ങനെ ആയിരുന്നു? ഒന്നുറക്കെ പറയുക അല്ലെങ്കിൽ വിളിച്ച് കൂവുക. തങ്ങളുടെ ശബ്ദം എത്താത്തിടത്തേക്ക് വാദ്യങ്ങൾ മുഴക്കിയും ആകാശത്തേക്ക് പുകയുയർത്തിയും അക്കാലത്തെ മനുഷ്യർ ആശയവിനിമയം നടത്തി. എന്നിട്ടും വിചാരിച്ചപോലെ ആശയങ്ങൾ കൈമാറാനാവാതെ വന്നപ്പോൾ അവർ വിപ്ലവകരമായഒരു കണ്ടെത്തൽ നടത്തി.അതാണ് എഴുത്ത്.

.അക്ഷരങ്ങളുടെ കണ്ടുപിടുത്തം.

വരയായിരുന്നു എഴുത്തിന്റെ മുൻഗാമി. മനസ്സിൽ ഉദ്ദേശ്ശിച്ചത് വരകളായി. പിന്നെ ചിത്രങ്ങളായി. കളിമണ്ണിലും ഗുഹാഭിത്തിയിലുമൊക്കെ ചരിത്രാതീത കാലത്ത് മനുഷ്യൻ കോറിയിട്ടു. എല്ലും കമ്പുമൊക്കെ ഉപയോഗിച്ചാണ് അവർ രൂപങ്ങൾ വരച്ചത്. ഇതിൽ നിന്നാണ് ലിപിയുടെ ആരംഭം. പഴയ നാഗരീകതയുടെ ചരിത്രം പരിശോധിച്ചാൽ മിക്കവാറും എല്ലാ ഭാഷയിലെയും അക്ഷരങ്ങൾ ചിത്രങ്ങളോട് സാദൃശ്യമുള്ളതെന്ന് കാണാം. ചിത്രങ്ങളിലൂടെ കൃത്യമായ ആശയം വെളിപ്പെടുത്താൻ കഴിയാതെ വന്നപ്പോഴാണ് ചിത്രങ്ങളോട് സാമ്യമുള്ള അക്ഷരങ്ങൾ ഉണ്ടായത്. മലയാളത്തിൽ ആന എന്ന വാക്ക് ഉപയോഗിച്ച് നോക്കൂ ആനയുടെ രൂപത്തിന് വളരെ സാമ്യമുണ്ട്
' ആ ' എന്ന അക്ഷരത്തിന്.

നീന മോൾ സെബാസ്റ്റ്യൻ

# നാടൻ വാദ്യോപകരണങ്ങൾ

1.ചെണ്ട: കേരളീയ താളവാദ്യങ്ങളിൽ

നമ്മുടെ നാട്ടിലെ ചെണ്ട



സർവസാധാരണ

മായുള്ള ഒരു വാധ്യം കൂടിയാണ്.

2.മദ്ദളം:മൃദംഗത്തിൻെറ വലിയ രൂപമായ

മദ്ദളത്തിന്




സംഗീതം കൂടപ്പിറപ്പാണ്. കേളീ , മദ്ദകേളി ,

പഞ്ചവാദ്യം , കഥകളി , കൃഷ്ണനാട്ടം തുടങ്ങിയ

പല കലാ രൂപങ്ങൾക്കും മദ്ദളംഒഴിക്കാനാവില്ല.

3.തൊപ്പിമദ്ദളം:മദ്ദളത്തിൻറ ഒരു വിഭാഗമാണിത്.

ഇടന്തലവലന്തലകളുടെ ശബ്ദം ഒരു

പോലെ ഇരിക്കുന്ന മദ്ദളമാണ് ഇത്.



സഫ്‌വ പി സിദ്ധിഖ്

# കണക്കിലെ കുസൃതി

1)56–ൽ എത്ര പ്രാവശ്യം 6 കുറയ്ക്കാം?

2)ഒരു വർഷത്തിൽ 28 ദിവസങ്ങളുള്ള എത്ര മാസങ്ങളുണ്ട്?

3)നിങ്ങളുടെ ക്ലോക്ക് 13 തവണ മണിയടിച്ചാൽ എന്ത് മനസ്സിലാക്കാം?

4)2 മീറ്റർ നീളം,1 മീറ്റർ വീതി,1 മീറ്റർ താഴ്ചയുള്ള ഒരു കുഴിയിൽ എത്ര മണ്ണുണ്ടാകും?

5)രണ്ട് സ്ത്രീകളും അവരുടെ രണ്ട് പെൺമക്കളും കൂടി സിനിമ കാണുവാൻ തീയറ്ററിൽ പോയി.തീയറ്ററിൽ മൂന്ന് സീറ്റുകൾ മാത്രമേ ബാക്കിയുണ്ടായിരുന്നുള്ളൂ.എങ്കിലും ഇവരെല്ലാവരും കസേരയിൽ ഒരാൾ എന്നക്രമത്തിൽവച്ച് തന്നെ ഇരുന്ന് സിനിമ കണ്ടു.ഇതെങ്ങനെ സാധിച്ചു?

6)ഈ ലോകത്തില ജീവനുള്ളതും ജീവനില്ലാത്തതുമായ എല്ലാ വസ്തുക്കൾക്കും ഇതുണ്ട്.ഏത്?

7)വിജയിക്കുന്നവർ പിന്നിലാവുന്ന ഒരു മത്സരത്തിന്റെ പേര്?

8)അരക്കഷണ്ടിയുടെ തലയിൽ 5000 മുടിയുണ്ടെങ്കിൽ മുഴുക്കഷണ്ടിയുടെ തലയിൽ എത്രമുടിയുണ്ടാകും?

9)ശങ്കരന്റെ അമ്മയ്ക്ക് 4 മക്കളുണ്ട്.മൂക്കയാൾ രാമൻ.രണ്ടാമത്തയാൾ കോമൻ.മൂന്നാമൻ പപ്പൻ.എന്നാൽ നാലാമന്റെ പേരെന്ത് ?

10)ഒരു മരത്തടി ഒരു പ്രാവശ്യം മുറിക്കുന്നതിന് 50 രൂപയാണ്.എന്നാൽ ഈ മരത്തടി മൂന്ന് കഷണങ്ങളാക്കാൻ എത്ര രൂപ കൂലിയാകും?

ഉത്തരങ്ങൾ

1)ഒരു പ്രാവശ്യം,56 ൽ നിന്ന് ഒരു പ്രാവശ്യം 6 കുറച്ചു കഴിഞ്ഞാൽ പിന്നെ 56 ഇല്ലല്ലോ.50 അല്ലേയുള്ളൂ.

2)വർഷത്തിൽ 12 മാസങ്ങൾക്കും 28 ദിവസങ്ങളുണ്ട്.

3)റിപ്പയർ ചെയ്യാനുള്ള സമയമായി എന്ന് മനസ്സിലാക്കാം.

4)കുഴിയിൽ മണ്ണുണ്ടാവില്ല.

5)ആകെ മൂന്ന് സ്ത്രീകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ.ഒരു സ്ത്രീയും അവരുടെ മകളും മകളുടെ മകളും മാത്രം.

6)പേര്.

7)വടംവലി.

8)മുഴുക്കഷണ്ടിയുടെ തലയിൽ മുടിയില്ല.

9)ശങ്കരൻ.

10)നൂറു രൂപ. കാരണം,രണ്ട് പ്രാവശ്യം മുറിക്കുമ്പോൾ മൂന്നു കഷണം മരത്തടി കിട്ടുമല്ലോ.

ഫൈഹ ഐമൻ

# മുങ്ങി പൊങ്ങിയ കേരളം

പ്രകൃതിതൻ ക്രൂരതയ്ക്കൊരു പകരമാ–
യ് തന്നൊരാസമ്മാനം പ്രളയം
മരം വെട്ടിയവരും, കുന്നിടിച്ചവരും
മണ്ണിൽ മറഞ്ഞൊരു പ്രളയം
യൂറ്റൂബിൽ വന്നൊരു ആയിരം ചോദ്യങ്ങൾ
കൊന്നെട്ടെന്തേ പകരം വീട്ടാതെ പ്രകൃതി
ആയിരം ചോദ്യത്തിനുള്ള ഒരുത്തരം
ഈ മഹാ പ്രളയം
ഇടുക്കി മുതൽ ബാണാസുരാ സാഗർ
വരെ തുറപ്പിച്ചൊരു പ്രളയം
ഓരോ ഒഴുക്കും ഒന്നിച്ചു തുടുത്തു
മലയാളി നന്മ വൻ മലയായ്
ആയിരം നന്ദി ഓരോ സഹായഹസ്തങ്ങൾക്കും
കേരളത്തിന്റെ പെരുമയിൽ



റുക്സാന ഷാജഹാൻ

## മഹത്‌വചനങ്ങൾ


വികാരപരമായി കറുപ്പ് ഒരു മോശം നിറമാണ്..എന്നാൽ ഒരോ ബ്ലാക്ക് ബോർഡുകളുമാണ് വിദ്യാർത്ഥികളുടെ ജീവിതം ശോഭനമാക്കുന്നത്
–APJ അബ്ദുൾ കലാം

ആദ്യ വിജയത്തിന് ശേഷം നിങ്ങൾ വിശ്രമിക്കരുത്,കാരണം അടുത്ത തവണ നിങ്ങൾ പരാജയപ്പെട്ടാൽ,ആദ്യ വിജയം വെറും ഭാഗ്യം മാത്രമായിരുന്നെന്ന് മറ്റുള്ളവർ പറയും....
–APJ അബ്ദുൾ കലാം



വിജയം ആസ്വാദകരമാണെങ്കിൽ പ്രയാസങ്ങൾ ആവിശ്യമാണ്
–APJ അബ്ദുൾ കലാം

സ്വപ്നം കാണുക ആ സ്വപ്നങ്ങളെക്കുറിച്ച് ചിന്തിക്കുക,ആ ചിന്തകളെ പ്രവർത്തിയിലൂടെ സഫലമാക്കുക
–APJ അബ്ദുൾ കലാം



ഓരോ വീടും ഓരോ വിദ്യാലയമാണ് മാതാപിതാക്കൾ അദ്ധ്യാപകരും
–മഹാത്മാ ഗാന്ധി
മനസാക്ഷിയെ ബാധിക്കുന്ന പ്രശനത്തിൽ ഭൂരിപക്ഷ നിയമത്തിന് പ്രത്യേക സ്ഥാനമൊന്നുമില്ല.......
–മഹാത്മാ ഗാന്ധി

ഒരു കുട്ടി, ഒരു അദ്ധ്യാപിക, ഒരു പുസ്തകം,പിന്നെയൊരു പേനാ ഇവയ്ക്ക് ഈ ലോകം മാറ്റിമറയ്ക്കാൻ സാധിക്കും...
– മലാല യൂസഫ് സായി



അഞ്ജന കെ അശോക്

# ചവിട്ടുനാടകം

കേരളത്തിലെ ക്രിസ്ത്യാനികളുടെ എന്നുപറയാവുന്ന ഈ ദൃശ്യകല കഥകളിയിലെ ചില അംശങ്ങളോട് സാദൃശ്യം വഹിക്കുന്ന നാടകമാണ്.കഥകളിയിൽ ഹസ്തമുദ്രകൾക്ക് പ്രമുഖസ്ഥാനമുള്ളപ്പോൾ ചവിട്ടുനാടകത്തിൽ ചുവടുവയ്പ്പിനാണ് കൂടുതൽ പ്രാധാന്യം.

കഥകളിയുടേതുപോലെ ഇതിലും കേളികൊട്ടുണ്ട്.പോർച്ചുഗീസുകാരുടെ വരവിനുശേഷം ആണ് ഈ കല കേരളത്തിൽ രൂപം കൊണ്ടത്.

തമിഴുകലർന്ന ഭാഷയാണ് സംഭാഷണത്തിൽ അധികവും.കാറൾമാൻ ചരിത്രമാണ് ഇതിൽ പ്രധാനം.പലകകൾ നിരത്തി ഇട്ടിട്ടുള്ള സ്റ്റേജിൽ നാടകം നടത്തുന്നതുകൊണ്ടാകണം തട്ടുപൊളിപ്പാൻ എന്നും ഈ കലാരൂപത്തിന് പേരുണ്ട്.

സോനാ റെജി


# കല്ലിനുമുണ്ടൊരു കഥ പറയാൻ

ലോകം ഉണ്ടായ കാലം മുതൽ ഞാനുണ്ട്.പ്രാകൃത മനുഷ്യർ ജോലി ചെയ്യാനും വേട്ടയാടാനും ആവശ്യമായ ആയുധങ്ങൾഉണ്ടാക്കിയിരുന്നത് ഞങ്ങളെ ഉപയോഗിച്ചായിരുന്നു.ഞങ്ങളെ ഉപയോഗിച്ച് ആയുധങ്ങൾ ഉണ്ടാക്കുക അത്ര എളുപ്പമായിരുന്നില്ല.അതിനു പറ്റിയ ഞങ്ങളുടെ കൂട്ടത്തെ കണ്ടുപിടിക്കുക എന്നത് വലിയ ബുദ്ധിമുട്ടായിരുന്നു.പ്രാചീന മനുഷ്യർ ഞങ്ങളെ ഉപയോഗിച്ച പിച്ചാത്തിയും കോടാലികളും ഉണ്ടാക്കി.ആ കാലം ഞങ്ങളുടെ പേരുമായി ബന്ധപ്പെട്ട് 'ശിലായുഗം'എന്നറിയപ്പെട്ടു.ഞങ്ങൾ പലപേരുകളിലും അറിയപ്പെടുന്നുണ്ട്.നന്നങ്ങാടി, തൊപ്പിക്കല്ല്,കുടക്കല്ല്,കല്ലത്താണി എന്നിങ്ങനെയൊക്കെ ഞങ്ങളെ വിളിക്കാറുണ്ട്.കാലം ചെല്ലും തോറും ഞങ്ങൾക്ക് പല മാറ്റങ്ങളും സംഭവിച്ചു.വലിയ കാറ്റും മഴയും ഉരുൾപ്പൊട്ടലും ഉണ്ടാകുമ്പോൾ ഞങ്ങൾ അടരുകയും പിളരുകയും ചെയ്തു.പ്രകൃതി ക്ഷോഭത്തിന്റെ ഫലമായി രൂപത്തിൽ വലിയ മാറ്റമുണ്ടായി.ഞങ്ങളിൽ നിന്നും അടർന്നുവീണ ചെറു കഷണങ്ങളൊക്കെ മണ്ണായി രൂപാന്തരം പ്രാപിച്ചു.ചില കഷ്ണങ്ങൾ ഉരുണ്ടുരുണ്ട് മിനുസമുള്ളതായിമാറി. ഞങ്ങളെ ഉപയോഗിച്ച് മനുഷ്യർ വാസസ്ഥലങ്ങൾ ഉണ്ടാക്കി അവർ അവിടെ താമസിച്ചു.ചിലർ എന്നെ ഉപയോഗിച്ച് ശില്പങ്ങൾ ഉണ്ടാക്കി.ഞങ്ങൾ അങ്ങനെ മനുഷ്യരുടെ ഒരു പ്രധാന ആവശ്യമായി മാറി.

സ്വാലിഹ കെ നാസർ


# വീട്ടുകാരൻ റോബോട്ട്

*അച്ഛ്നും അമ്മയും വീട്ടിലില്ലെന്കിൽ മക്കൾ വികൃതി തുടങ്ങും.ലോകത്തെല്ലായിടത്തുമുള്ള ഈ പ്രശ്നത്തിന് ഹൈടെക്ക് പരിഹാരം കണ്ടത്തിയിരിക്കുകയീണ് അമേരിക്കയിലെ മെഭീൽ സ് റോബോട്ടിക്ക് എന്ന കമ്പനി.*



*ഈ കമ്പനിയൊരു കുഞ്ഞു റോബോട്ടിന ഉണ്ടാക്കി,പേര് കൃരി .ആരും വീട്ടിലില്ലെക്കിൽ റോബോട്ട് വീട്കെ ചുറ്റനടന്ന് കുട്ടികൾ എന്തു ചെയ്യുന്നുവെന്ന് നോക്കും. എന്തക്കിലും കുസൃതി കാട്ടിയാൽ ഫോണിൽ നിളിച്ച പറഞ്ഞ് അമ്മമാരെ അറിയിക്കും.*

*റോബോട്ടിനെ ഓഫാക്കാൻ സാധിക്കില്ല. അതിനൊരു കോഡ് ഉണ്ട്.*



സഖ്വ പി സിദ്ധിഖ്

## വൃദ്ധാസദനക്കാഴ്ചകൾ

പുലർച്ചെ വരാമെന്നു പറഞ്ഞുപോയ
മക്കളെയും കാത്തിരിപ്പുണ്ട്
സന്ധ്യയായിട്ടുംഗേറ്റിനു പിറകിൽ
വക്കുപൊട്ടിയ രണ്ടു കണ്ണടകൾ.
പൂമുഖത്ത് തളർന്നു കിടപ്പുണ്ട്
പ്രതീക്ഷകളറ്റുപോയ ഒരു ചാരുകസേര.
വരാന്തയിൽ ഉലത്തുന്നുണ്ട്
നടുവളഞ്ഞു പോയൊരു ഊന്നുവടി.
ഉമ്മറപ്പടിയിലിരുന്ന് പിറുപിറുക്കുന്നുണ്ട്
പല്ലുപോയൊരു വെറ്റിലച്ചെല്ലം.
ജാലകപടിയിലിരുന്ന് നാമം ജപിക്കുന്നുണ്ട്
ചരടുപൊട്ടിപ്പോയ ഒരു ജപമാല.
അകത്തെയിരുട്ടിൽ കണ്ണീർ വാർക്കുന്നുണ്ട്
തുരുമ്പിച്ച കട്ടിലിൽക്കിടന്ന് ഞരങ്ങുന്നുണ്ട്
നട്ടെല്ലുതകർന്ന ഒരു വാട്ടർബെഡ്.
പുറത്തെഅഴിയിൽ കഴുകിയിട്ടിട്ടുണ്ട്
നീലം മുക്കി കറപിടിച്ച പ്രതാപങ്ങൾ.
ചുമച്ചുതുപ്പിയ ജീവിതം പോലെ
കട്ടിലിനടിയിൽ ഇരിപ്പുണ്ട്
നിറമങ്ങി കോടിയ കോളാമ്പികൾ.
മുറ്റത്തെ തുളസിത്തറയിൽ കുനിക്കുടിയിരിപ്പുണ്ട്
എണ്ണതീർന്നെരിഞ്ഞടങ്ങിയ കരിന്തിരികൾ.
പുറത്തെ ആകാശംനോക്കി നെടുവീർപ്പിടുന്നുണ്ട്
പ്രകാശമറ്റുപോയ പ്രതീക്ഷകൾ............

മുഹ്സിന പി എ

## അമ്മ എന്ന സ്നേഹം



ബാല്യത്തിൽ അമൃതം നുകർന്നും
കൗമാരത്തിൽ പുഞ്ചിരി വിരിച്ചവൾ
യൗവനത്തിലെന്തേ കണ്ണീർത്തുകി?
ഉത്തരമേകുക മനുഷ്യമൃഗങ്ങളെ....

കാലമവൾക്ക് കിനാക്കൾ തന്നു
കിനാക്കളവളിൽ കണ്ണീർ തീർത്തു
കണ്ണീർ കരളിൻ വേദനയായ്
വേദനപതിയെ രോദനമായ്.

തളരില്ല പതറില്ല
കണ്ണീർ പൊഴിക്കില്ല
ജീവിതം നഷ്ടം വിധിക്കുമ്പോൾ
അജയ്യയായ് മാറുന്നവൾ

കണ്ണിനെ ആയുധമാക്കി
കരളിനെ കവചമാക്കി
ഹൃദയത്തെ പോരാളിയാക്കി.

സോന തോമസ്

# മാതൃഗീതം

അല്ലയോ...മാതാക്കളെ വന്നല്ലോ പൊൻസുദിനം
മെയ്ദിനത്തിൻപ്രാധാന്യത്തെ നിങ്ങൾ മറന്നു പോയൊ.........!മാതാവിൻ
നിലയെന്ത്.... മാതാവിൻ നിലയെന്ത്......
ചിന്തിക്ക മാതാക്കളെ നിങ്ങൾ തൻ കഴിവുകൾ!
വിളക്കായ് ശോഭിക്കേണം..കുടുബത്തിൻ അന്തരീക്ഷത്തിൽ ......വിളക്കായ്
ശോഭിക്കേണം....ലോകത്തിൻ മുന്നിലും.........
മകളായ് സോദരിയായ് അമ്മയായ് നാം.........
എന്നും സ്ത്രീകയറണം ജീവിത പടവുകൾ.........
ലോകത്തിൻ ദ്രഷ്ടിയിൽ സ്ത്രി ചപലയെന്നാകിലു–
ം ലോകത്തെ ഭരിപ്പാനും സ്ത്രകൾക്ക് കഴിയുന്നു

അമ്മതൻ നാമം വെറും വാക്കിനാൽ മാത്രം
പോരാ..........സ്വജീവിതത്തിൽ നമ്മൾ അന്വ–
ത്ഥമാക്കിടേണം ...........പിച്ചനടന്നിട്ടുമ്പോൾ
വീഴാതെ താങ്ങിടേണം ..............................
അമ്മിഞ്ഞപാലിനൊപ്പം ഈശ്വരചിന്തവേണം
സ്വവചനവും താര കുഞ്ഞിനു നൽകിടേണം
കൊടുത്തും പങ്ക് വെച്ചും നന്മയിൽ വളർത്തിടേ–
ണം നാളത്തെ പൗരന്മാരാം നമ്മുടെ കിടാങ്ങളെ
അമ്മതൻ ചലനങ്ങൾ അമ്മതൻ വചസ്സികൾ
സൂക്ഷമമായി നിരീക്ഷിക്കും പിഞ്ചുകിടാങ്ങളെന്നും
കാപട്യം മെശിടാത്ത മനസ്സിനുടമയും സ്നേഹ
ത്തിൻ പ്രതികവുമാകണംഅമ്മയെന്നും എല്ലാം
സഹിച്ചിടേണം എല്ലാം ക്ഷമിച്ചിടേണം

എന്തിനും മാപ്പേകുന്ന കോടതിയല്ലോ...അമ്മ

അമ്മയിൽ കുടികൊള്ളും സൽപ്രവർത്തികൾ

കണ്ട് നല്ലപൗരന്മാരാകണം ലോകത്തിൽ ഉയർ

ന്നിടേണം ............അമ്മയെ മാതൃകയായി കണ്ടീടും മക്കൾക്കെന്നും നല്ല മാതൃകയായി തീരേണം നമ്മളെന്നും മക്കൾക്ക് വഴികാട്ടിയാവേണ്ട

അമ്മയെന്നും തെറ്റാതെ

നടക്കണം ഓരോ ചുവടുകളും അല്ലയൊ മാതാക്കളെ തിരിഞ്ഞു നോക്കീടുക നമ്മൾ പിന്നിട്ടുപോന്ന ജീവിതപടവുകൾ എത്രയൊ വിചിത്രം

ഹാ....!എത്രയൊ ഭയാനകം നമ്മൾ

തൻ പടവുകൾ കൈവിട്ടു കളഞ്ഞല്ലൊ

നമ്മുടെ ഭവനത്തിൽ നമ്മുടെ സമൂഹത്തിൽ



ദിയ ഷജീർ

# ഓണം

കേരളത്തിൻെറ കാർഷികോത്സവമാണ് ഓണം. ചിങ്ങമാസത്തിലാണ് ഓണം. ജാത്മത വ്യത്യാസ മില്ലാതെ ജനങ്ങളെ ഒന്നിപ്പിക്കുന്ന ഉത്സവമാണിത്.ദേവന്മാരുംഅസുരന്മാരും തമ്മിൽ യുദ്ധം നടന്നതായും അസുരന്മാർ വിജയിച്ചതായും ഒരു പുരാണകഥയുണ്ട്. ദേവമാതാവായ അദിതി മഹാവിഷ്ണുവി



നെ തപസ്സുചെയ്ത് അസുരരാജാവായ മഹാബലിയെ സംഹരിക്കാൻ അപേക്ഷിച്ചു. വാമനരൂപത്തിൽ മഹാബലിയെ സമീപിച്ച മഹാവിഷ്ണു തനിക്ക് മൂന്നടി ഭൂമി വേണം എന്നഭ്യർഥിച്ചു. ഉടൻ തന്നെ വാമനരൂപത്തിൽ നിന്നും ആകാശത്തോളം വളർ ന്ന മഹാവിഷ്ണു രണ്ടുച്ചുവടുകൾ കൊണ്ട് ആകാശവും ഭൂമിയും അളക്കുകയും മൂന്നാമത്തെ ച്ചുവടിനായി ആ വശ്യപ്പെടുകയും ചെയ്തു. മൂന്നാമത്തെ ച്ചുവടിനായി തലകാട്ടിക്കൊടുത്ത മഹാബലിയെ പാതളത്തിലേ ക്ക് വാമനൻ ചവിട്ടിത്താഴ്ത്തിയെങ്കിലും അദ്ദേഹത്തി ന്റെ സത്യസന്ധതയിലും ദാനശീലത്തിലും സന്തു ഷ്ടനായി തൻെറ പ്രജകളെ കാണുന്നതിന് വർഷത്തിലൊരിക്കൽ വരാൻ അനുവദിച്ചു.അത്തം



മുതൽ തിരുവോണം വരെയുള്ള പത്തുദിവസങ്ങളിലായി മുറ്റത്ത് പൂക്കളങ്ങൾ ഒരുക്കിയാണ് മലയാളികൾ മഹാബലിയെ വരവേൽക്കുന്നത്. ആടയാഭരണങ്ങള അണിഞ്ഞ് സ്ത്രീകൾ പൂക്കളമൊ

രുക്കുന്നു.പത്താം ദിവസത്തെ തിരുവോണം അത്യുത്സാഹ
ത്തോടെയും പുതുവസ്ത്രം, പരമ്പരാഗതവിഭവങ്ങൾ,
നൃത്തസംഗീതങ്ങൾ, എന്നവയോടെയുമാണ് ആഘോഷിക്കുന്നത്.
വള്ളംകളി ഓണക്കാലത്ത.ഒരു പ്രധാന ആഘോഷമാണ്.

നിലാചന്ദന അജി

# ഐ.ടി ക്വിസ്

1)പേഴ്സണൽ കംമ്പ്യൂട്ടർ എന്ന പദം ആദ്യമായി അവതരിപ്പിച്ചതാര്?

–ഹെൻറി എഡ്വർഡ് റോബർട്ട്സ്

2)ഗൂഗിൾ എന്ന സെർഎഞ്ചിന്റെ സ്ഥാപകർ ആരെല്ലാം?

–ലാറി പേജ്,സെർജി ബ്രിൻ

3)പ്രശസ്തമായ ഒരു സോഷ്യൽ നെറ്റ്വർക്കായ ഫെയ്സ് ബുക്കിന്റെ സ്ഥാപകൽ ആര്?

–മാർക്ക് സുക്കർ ബർഗ്

4)ഫ്രീസോഫ്റ്റ് വെയർ ഫൗണ്ടേഷന്റെ ഉപജ്ഞാതാവ് ആര്?

–റിച്ചാർഡ് മാത്യു സ്റ്റാൾമാൻ

5)മൗസ് കണ്ടുപിടിച്ചതാര്?

–ഡഗ്ലസ് എംഗൽ ബർട്ട്

6)എ.ഡി.എം–ന്റെ ഉപജ്ഞാതാവ് ?

–ജോൺ ഹെഫേഡ് ബാരൺ

7)ആപ്പിൾ കമ്പനിയുടെ ഐപോഡ്,ഐപാഡ് എന്നീ ഉപകരണങ്ങൾ ഡിസൈൻ ചെയ്തതാര് ?

ഉ: ജോനഥാൻ ഐവ്

8) മൊബൈൽ കണക്ഷൻ നൽകുന്ന നെറ്റ് വർക്ക് കമ്പനി മാറുമ്പോഴും ഒരേ നമ്പർ തന്നെ നിലനിർത്താൻ സാധ്യമാകുന്ന സംവിധാനം ?

ഉ: മൊബൈൽ നമ്പർ പോർട്ടബിലിറ്റി

9) ബ്ലോഗിലും വെബ്പേജിലും പ്രസന്റേഷൻ സ്ലൈഡുകൾ ഉൾപ്പെടുത്താൻ സഹായിക്കുന്ന വെബ്സൈറ്റ് ?

ഉ:http://www.slideshare.net/

10) കേരളത്തിൽ അപ്പർ പ്രൈമറി തലത്തിൽ ഇൻഫർമേഷൻ കമ്മ്യൂണിക്കേഷൻ ടെക്നോളജി (ICT) പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തിയ

വർഷം?

ഉ: 2009

11) മുള കൊണ്ട് മൗസും കീബോർഡും ഉണ്ടാക്കിയ കമ്പനി ?

ഉ: അസൂസ്

12)അടുത്ത കാലത്ത് ഏത് ഏഷ്യൻ രാജ്യത്താണ് ജിമെയിലിന് നിരോധനം ഏർപ്പെടുത്തിയത് ?

ഉ:ഇറാൻ

13) ഉന്നത പഠനത്തിനുള്ള കോഴ്സുകൾ തിരഞ്ഞെടുക്കാൻ സഹായകമായ വെബ്സൈറ്റ് ?

ഉ: http://www.indiastudychannel.com/

14)ചിത്ര ഫയലുകളുടെ എക്സ്റ്റൻഷനായ GIF ന്റെ പൂർണ്ണ രൂപം?

ഉ:Graphic Interchange format

15)സംസ്ഥാനത്ത് ഇന്ത്യൻ ഐ.ടി ധന വകുപ്പുകൾ സംയുക്തമായി നടപ്പാക്കിയ Spark ന്റെ പൂർണ്ണ രൂപം?

ഉ:Service and payroll Administrative Repositony ok kerala

അയന ബി.ബിജു

# എന്റെ നന്മമരം

നിൻ നന്മമരമാരെന്ന സമസ്യ
എന്നിൽ ഉയർത്തപ്പെട്ട നിമിഷമെല്ലാം,
തെല്ലുപോലുമേ ചാഞ്ചല്യമില്ലാതെ–
യെൻ ചിത്തമേകിയ പ്രത്യുത്തരമാണ്,
'എൻ മുത്തശ്ശി '

എൻ ഛായയായി ഛായാബിംബമായി,
അഗതാരിലറിവുതൻ കാന്തിയായി,
ജീവിതമാം വീഥിയിലെ സന്ദേഹമാം ശിലകളെ
ശോഭതൻ മലരുകളാക്കിയെൻ  മുത്തശ്ശി.



അവർ തൻ ജീവിത നന്മ ഞാനെൻ
പിതാവിൽ ദർശിപ്പൂ, ചില  നിമിഷമെങ്കിലും
എൻ അച്ഛനമ്മമാരേയും സ്നേഹത്തി–
ലധികമായി ഞാൻ കണ്ടെത്തുവാനാശിച്ചു
മുത്തശ്ശി തൻ സ്നേഹത്തെ.

അമ്മയിൽ ഞാൻ ജീവനായി തുടിക്കെ,
മുത്തശ്ശിയേകിയ ചുംബനങ്ങൾ, ഇന്നുമെൻ
സിരകളിൽ പ്രണനായി ഒഴുകിടുന്നു.




ഇത്രയാകിലും എൻ മുത്തശ്ശി, ഞാൻ
പിറന്നു വീഴാൻ ഈശ്വരനേകിയ നിമിഷത്തിനും
മുൻപേ
എനിക്കായി ആവോളം സ്നേഹം ബാക്കി വെച്ചെൻ

നന്മമരം, എന്നെ വിട്ടകന്നുപോയി–

എന്നേക്കുമായി.

അനുലക്ഷ്മി പി.ജെ

# ചരിഞ്ഞ ഗോപുരത്തിന്റെ ചങ്ങാതിമാർ

ചരിഞ്ഞ ഗോപുരങ്ങളിൽ ഏറ്റവും ഉയരമുള്ളതും ഏറ്റവും പഴയതും പിസാ ഗോപുരമല്ല.ഏറ്റവും കൂടുതൽ ചരിവുള്ള ഗോപുരവും ഇതല്ല!എങ്കിലും ചരിഞ്ഞ ഗോപുരങ്ങളിൽ സൂപ്പർ സ്റ്റാർ പിസാ ഗോപുരം തന്നെ!



പിസാ ഗോപുരം

1174 ലാണ് പിസാ ഗോപുരം പണിതു തുടങ്ങിയത്. 183 അടി ഉയരമുള്ള ഈ ലോക പ്രശസ്ത ഗോപുരത്തിൻെറ ചരിവു തീർക്കാൻ പലപ്പോഴായി എൻജിനീയർമാർ ശ്രമിച്ചിരുന്നു. അതിനു ഫലമുണ്ടായി!ഇപ്പോൾ ഗോപുരം ചരിയുന്നില്ലെന്നു മാത്രമല്ല, ചരിവു കുറയുകയും ചെയ്തു!പിസാ ഗോപുരത്തോളം പ്രശസ്തമല്ലെങ്കിലും ചരിയുന്ന ഗോപുരങ്ങൾ വേറെയുണ്ട്.ഇതാ, പിസായുടെ ചില ചങ്ങാതിമാരെപ്പറ്റി കേട്ടോളൂ.



ബോളോഗ്ന ഇരട്ടഗോപുരം

രണ്ടു ഗോപുരങ്ങൾ....രണ്ടും ചരിഞ്ഞ ഗോപുരങ്ങൾ! പിസായുടെ നാടായ ഇറ്റലിയിലെ ബോളോഗ്ന ഇരട്ടഗോപുരങ്ങളുടെ വിശേഷമാണിത്.പൊക്കം കുറഞ്ഞ ഗോപുരത്തിനാണ് കൂടുതൽ ചരിവ്–4 ഡിഗ്രിയോളം! അഅതായത് തായത് പിസാ ഗോപുരത്തേക്കാൾ ചരിവ്! ഉയരം കൂടിയ ഗോപുരത്തിന് 1.3 ഡിഗ്രി ചരിവേയുള്ളൂ.

ഇന്ത്യയിലും!



ഇന്ത്യയിലുമുണ്ട് ഒരു ചരിഞ്ഞ ക്ഷേത്രം! ഒഡീഷയിലെ ഹുമാ എന്ന സ്ഥലത്തെ ശിവക്ഷേത്രമാണ് ചരിഞ്ഞിരിക്കുന്നത്.ചരിവിൻെറ കാരണം കൃത്യമായി കണ്ടെത്തിയിട്ടില്ല.



ബീമ ബഷീർ

# കറിവേപ്പില

എന്റേ ജീവിതം ആർക്കോ
വേണ്ടി ഉപയോഗിക്കപ്പെട്ടു.



എൻ രുചി ആരോ കവർന്നെ–
ടുത്തു ഏതോ മനുജൻ.

കാര്യം കഴിഞ്ഞവർ വലിച്ചെറിഞ്ഞു
അഴുക്കു കുപ്പയിലേക്ക്
ആർക്കും വേണ്ടാത്ത അഴുക്ക്
കുപ്പയിൽ നിന്ന് ഞാൻ സ്വപ്നം
കാണുകയുണ്ടായി മനോഹരമായത്

എന്നാൽ വീണ്ടും ഞാൻ പറക്കു–
വാൻ തയാറായിരുന്നില്ല.

എന്തുകൊണ്ടെന്നോ
ദൈവത്തിൻ മണവാട്ടിമാർ പോലും
കറിവേപ്പില ആയതിനാൽ....

അനിറ്റ ആന്റണി

# മഴയോർമ്മകൾ

ജാലകത്തിനുമപ്പുറം മഴ പെയ്യുകയാണ്. മഴ എത്ര സുന്ദരമായ പദം. ഇന്ന് കാലം തെറ്റി വെറുതെ പെയ്തുപോകുന്ന ഒരു പ്രതിഭാസമായി മാറിയിരിക്കുന്നു മഴ. പഴക്കം ചെല്ലുംതോറും മധുരിക്കുന്ന ഓർമ്മകളാകുന്ന മധുരമഴയോർമ്മകൾ.

അന്ന് ക്ലാസ്സിൽ ഓട്പൊട്ടിച്ച് എന്റെ കയ്യിലേക്ക് തുടുതുടെ വീണ മഴത്തുള്ളി പറഞ്ഞ കളിമഴ. സ്കൂൾ വിട്ടുവരുംനേരം മറന്നുപോയ കുടയുടെ അഭാവത്തിൽ എന്നെ നനയിച്ച കുസൃതിമഴ ..അമ്മയുടെ കൈപിടിച്ച് ആദ്യാക്ഷരം നുകരാനെത്തിയപ്പോൾ എന്റെ ഒപ്പം വന്ന കള്ളിമഴ.....എന്നിലേയ്ക്ക് ആവോളം പകർന്ന
ചാറ്റൽമഴ

മഴ............അതേ ,അത് ഒരു തിരിഞ്ഞു
നോട്ടമാണ്.ഒരുപാട് ഓർമ്മകൾ സാക്ഷ്യം വഹിച്ച
മഴ. ഇന്ന് ഈ മഴ നമ്മൾ ആരും ആസ്വദിക്കുന്നില്ല. അതിലൂടെ മനസ്സിനു കുളിർമ്മയേകാൻ ആരും ശ്രമിക്കുന്നില്ല. പ്രകൃതിയെ അറിയാതെ അറിയാതെ പ്രകൃതിപാഠങ്ങൾ പഠിക്കാതെ കുടക്കും കോട്ടിനും
വെളിയിൽ മഴയെ പിടിച്ചുതള്ളി . മഴയെന്തെന്നറിയാതെ
......നഗരവത്ക്കരണവും
യാന്ത്രികതയ്ക്കു പിന്നാലെ നീങ്ങുന്ന തലമുറയ്ക്ക് ഒരു
തിരിഞ്ഞുനോട്ടമാകട്ടെ ഈ മഴയോർമ്മകൾ.

ജിനു ശരവണൻ

# എൻ ഓർമ്മകടലാസ്സിൽ വിരിഞ്ഞപുഷ്പം....



എൻ ഓർമ്മകടലാസിൽ വിരിഞ്ഞ
ആ പുഷ്പം എൻ ചങ്ങതിയായി
ഇന്ന് മാറിയെന്നാൽ
ഇന്നാണാവളെൻ വിദ്യല-
യത്തിയ ആ ആദ്യ ദിനം.
പൊട്ടിക്കരഞ്ഞുക്കൊ-
ണ്ടാദ്യമായി അവളാ-
വാതിൽക്കൽ വന്നനേരം.

അവളുടെ കണ്ണിൽ
നിന്നും കണ്ണിരൊഴുകി
അവളുടെ കണ്ണുകൾ
കലങ്ങിതെളുഞ്ഞിരുന്നു.

മൂന്നാം തരത്തിൽ
പഠിക്കുന്ന നേര-
ത് ഞാനായിരുന്നു
ക്ലാസ്സിൽ മൂന്നാമൻ.

എന്നാൽ അനളാവിധി
മാറ്റികുറിച്ചു പിന്നിട്ടുള്ള
ഓരോ ആണ്ടിലും
അവളായി ക്ലാസിലെ
താരം.............

എങ്കിലും ഇന്നാ–
വളെൻ പ്രിയ
ചങ്ങാതി,എൻ പ്രിയ
കളിക്കൂട്ടുകാരി.

ദ്യുതി മോൾ കെ എസ്

## മരം

മരമായ മരമെല്ലാം

മഴകൊണ്ട് മുറിച്ചിട്ട് മലനാട് മുറിക്കുന്ന

മടയന്മാരേ...

മലകളെ നിരപ്പാക്കി

മാറ്റുന്ന ഈ തിന്മ

മഹാ വങ്കത്തരമാണെന്ന്

ഓർത്തുകൊള്ളൂ...

മണ്ണിൽ ഈർപ്പം നിലനിർത്തി

വരൾച്ചയെ കൂടാതെ

മണ്ണിനെ മഹത്താക്കും

മരമെന്ന പുണ്യത്തെ

മറന്നീടല്ലേ...

മരമൊരു മഹാവരം

ഇത് മറക്കരുതിന്നൊരാളും

മരമെന്ന പുണ്യത്തെ

മറന്നീടരുതൊരുനാളും

മരമെന്ന പൂണ്യത്തിൻ

ചുവട്ടിലിരിക്കുമ്പോൾ

മനസ്സെന്ന പൊൻമരം

പൊട്ടിവിടർന്നീടുന്നു...



സ്വാലിഹ കെ നാസർ

# ആനിമേഷൻ



# പ്രളയ ദുരിതം





മീര സുരേഷ്

# എഡിറ്റോറിയൽ ബോർഡ്

*ഫൈഹ ഐമൻ

*ജിനു ശരവണൻ

*മുഹ്സിന പി.എ.

*സ്വാലിഹ .കെ. നാസർ

# നന്ദിയുടെ ഒരു വാക്ക്........

**ഈ ഡിജിറ്റൽ മാഗസിൻ തയാറാക്കാൻ ഞങ്ങളെ സഹായിച്ച ഹെഡ്മിസ്ട്രസ്സിനും കൈറ്റ് മിസ്ട്രസ്സ്മാർക്കും മറ്റധ്യാപകർക്കും മാഗസിനിലേക്ക് തങ്ങളുടെ സൃഷ്ടികൾ നൽകിയ എല്ലാ കുട്ടകാർക്കും ഞങ്ങളുടെ ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.............**

